

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

കാരാകുറിശ്ശി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം. കെ.എസ്.എ-(പി)കെഡി)പി 12/1853/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 23/12/2024
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാരാകുറിശ്ശി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാരാകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാരാകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ്

സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച് ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം. കെ.എസ്.എ-(പി‌കെഡി)പി 12/1853/24 തീയ്യതി: 23/12/2024

പാലക്കാട് ജില്ലയിലെ കാരാകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കാരാകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-07-2023 മുതൽ 08-12-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 38 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
വി.പി.ഷോബി	ഡെപ്യൂട്ടി ഡയറക്ടർ	09-12-2024	18-12-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
09-12-2024	18-12-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ബിജു ആന്റണി യു, ഓഡിറ്റ് ഓഫീസർ

കാർത്തിക പി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ഷഹീർ എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

നൗഫർ എൻ എച്ച്, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. പ്രേമലത എ	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീമതി. ലസിത കെ എസ്	സെക്രട്ടറി	01-04-2023	15-01-2024
ശ്രീമതി. രാഗിണി എ ആർ	സെക്രട്ടറി-ഇൻ-ചാർജ്ജ്	16-01-2024	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. ജയകുമാർ കെ	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2023	19-07-2023
ശ്രീമതി. റീന വി	അസിസ്റ്റന്റ് എഞ്ചിനീയർ	20-07-2023	31-03-2024
ശ്രീമതി. രാഗിണി എ ആർ	അസിസ്റ്റന്റ് സെക്രട്ടറി	01-04-2023	31-03-2024
ശ്രീമതി. കണ്ണമ്മ യു	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2023	31-03-2024
ഡോ. ജയകൃഷ്ണൻ	വെറ്ററിനറി സർജൻ	01-04-2023	31-03-2024
ഡോ. നെൽസൺ തോമസ്	മെഡിക്കൽ ഓഫീസർ (സി എച്ച് സി)	01-04-2023	09-07-2023
ഡോ. ശ്രീജിത്ത് ഹരിദാസ്	മെഡിക്കൽ ഓഫീസർ (സി എച്ച് സി)	10-07-2023	31-03-2024
ഡോ. പ്രതിഭ	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2023	31-03-2024
ഡോ. എം എ അസ്മാബി	മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-04-2023	31-08-2023
ഡോ. ജോഷ്ന	മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-09-2023	31-03-2024
ശ്രീമതി. വിലാസിനി ടി	ഹെഡ് മിസ്ട്രസ്സ്	01-04-2023	31-03-2024
ശ്രീമതി. ശ്രുതിരാജ് പി	വി ഇ ഒ	01-04-2023	31-03-2024
ശ്രീമതി. ധന്യ സി യു	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	31-03-2024
ശ്രീമതി. ശാന്തി	കൃഷി ഓഫീസർ	01-04-2023	31-03-2024

എലിസബത്ത് കുര്യൻ			
ശ്രീ. ദേവദാസ് സി ആർ	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-1
3	കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല	1-1-2
4	Prior Period Income/Expenditure വിവരം നോട്ട്സ് ഓൺ അക്കൗണ്ടായി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല	1-1-3
5	ഡെപ്പോസിറ്റ് ചെയ്ത തുക - അതത് ഹെഡിൽ ചേർത്തിട്ടില്ല	1-1-4
6	അക്രൂവൽ സ്വഭാവമില്ലാത്ത വരവുകൾ വിവിധ ഷെഡ്യൂളുകളിൽ വ്യത്യസ്തം	1-1-5
7	ആസ്തി വിവരങ്ങൾ കാലികമല്ല – ആസ്തി മൂല്യങ്ങളുടെ കൃത്യത ഉറപ്പാക്കാൻ കഴിയുന്നില്ല	1-1-6
8	CFC – ബാലൻസ് ഷീറ്റിലെ വിവിധ ഷെഡ്യൂളുകൾ പ്രകാരമുള്ള നീക്കിയിരുപ്പ് പൊരുത്തപ്പെടുന്നില്ല	1-1-7
9	ഇ-ടെണ്ടർ ഫീ-പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല	1-1-8
10	'അങ്കണവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക' – ലൈഫ് ലോൺ തിരിച്ചടവായി എടുത്തിരിക്കുന്നു	1-1-9
11	ബജറ്റ്	1-2
12	സാമ്പത്തിക വിശകലനം (രസീറ്റ് & പെമെന്റ് പ്രകാരം)	1-3
13	ഫണ്ട് വിനിയോഗം	1-4
14	പദ്ധതി അവലോകനം	1-5
15	തൊഴിലുറപ്പ് പദ്ധതി	1-6

16	ക്ഷേമ പദ്ധതികൾ	1-7
17	ക്യാഷ് ബാലൻസ് പരിശോധന	1-8
18	ആഭ്യന്തര നിയന്ത്രണം	1-9
19	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
20	തൊഴിൽ നികുതി പിരിവ് - അപാകതകൾ	1-11
21	ബിൽഡിംഗ് പെർമിറ്റ് സംബന്ധമായ അപാകതകൾ	1-12
22	ഷോപ്പിംഗ് കോംപ്ലക്സ് വാടകകക്ക് നൽകിയത് സംബന്ധിച്ച്	1-13
23	അസംബ്ലി ബിൽഡിംഗ് (കെട്ടിട നമ്പർ 11/604A) വസ്തു നികുതി നിർണയ പരിശോധനയിൽ കണ്ടെത്തിയ അപാകത	1-14
24	അങ്കണവാടി അനുപൂരക പോഷകാഹാരം വിതരണം പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ	1-15
25	വൃദ്ധർക്ക് കട്ടിൽ വിതരണം - സ്റ്റോർസ് പർച്ചേസ് വ്യവസ്ഥകൾ പാലിച്ചിട്ടില്ല	1-16
26	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - അധികം തുക നൽകിയത് സംബന്ധിച്ച്	1-17
27	ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ - വാങ്ങൽ നടപടി ക്രമങ്ങളിലെ അപാകതകൾ	1-18
28	ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - ഹോംകോയിൽ നിന്നും മരുന്നുകൾ ലഭ്യമായിട്ടില്ല	1-19
29	മുൻകുർ തുകകൾ ക്രമീകരിച്ചിട്ടില്ല	1-20
30	ഭരണ സമിതി യോഗ മിനുട്സ് തയ്യാറാക്കൽ - ചട്ട പ്രകാരമുള്ള സമയ പരിധി പാലിച്ചിട്ടില്ല	1-21
31	തെരുവ് വിളക്ക് - മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല	1-22
32	സ്ട്രീറ്റ് വാട്ടർ ടാപ്പ് - ഇല്ലാത്ത ടാപ്പിന് വെള്ളക്കരം ഡിമന്റ് ചെയ്യുന്നു	1-23
33	ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല – തുടർ നടപടി	1-24

	സ്വീകരിക്കേണ്ടതാണ്	
34	ഐ.കെ.എമ്മിന് അടക്കേണ്ട വിഹിതം - വിനിയോഗ വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല	1-25
35	സ്ട്രീറ്റ് മെയ്ൻ സ്ഥാപിക്കൽ - ഡെപ്പോസിറ്റ് വർക്ക് - പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല	1-26
36	മുൻവർഷങ്ങളിലെ ഗുണഭോക്തൃ വിഹിതം ചെലവഴിച്ചിട്ടില്ല	1-27
37	'കേരളോത്സവം' പദ്ധതി പ്രകാരമുള്ള ചെലവുകൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല	1-28
38	മഴക്കാല പൂർവ്വ ശുചീകരണം - ശുചിത്വ മിഷൻ വിഹിതമായി തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക തിരികെ ഈടാക്കിയിട്ടില്ല	1-29
39	സെലക്ഷൻ നോട്ടീസ് സമയപരിധിക്കുള്ളിൽ നൽകുന്നില്ല	1-30
40	പ്രവൃത്തികളിൽ നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെച്ചിട്ടില്ല	1-31
41	പ്രോജക്ട് പൂർത്തീകരിച്ചു എങ്കിലും നിഷ്ഫലമായി തുടരുന്നു	1-32
42	പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും പിഴ ഈടാക്കിയിട്ടില്ല	1-33
43	പൂർത്തീകരണ കാലാവധി നീണ്ടുപോയിട്ടും ലിക്വിഡേറ്റഡ് ഡാമേജസ് ഈടാക്കിയിട്ടില്ല	1-34
44	ഇ-ടെൻണ്ടർ ഫീസ് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കിയിട്ടില്ല	1-35
45	കണ്ടിജന്റ് ചെലവ് - പ്രത്യേക പദ്ധതിയായി നടപ്പാക്കിയിട്ടില്ല	1-36
46	ലൈഫ് ഭവന പദ്ധതി - വീട് പണിപൂർത്തീകരിച്ച ഗുണഭോക്താക്കൾക്ക് സമയബന്ധിതമായി കെട്ടിട നമ്പർ അനുവദിക്കേണ്ടതാണ്	1-37
47	ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ- 'കേരളത്തിലെ മാലിന്യ സംസ്ക്കരണം ഹരിത കർമ്മസേനയിലൂടെ' - അവലോകനം	1-38

ഭാഗം 2

--- No Records Found ---

ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ/വായ്പാതിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	വാർഷിക ധനകാര്യ പത്രിക - സംക്ഷിപ്തം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കാരാകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 12.07.2024 തീയതിയിലെ 1ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 18.07.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാനുവൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു.

വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കാരാകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : പാലക്കാട്,

തീയതി : 23-12-2024. **ഡെപ്യൂട്ടി ഡയറക്ടർ**

<u>1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല</u>

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (ഇ) & (എഫ്)).

1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 8085415 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1386573 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

1-1-3 Prior Period Income/Expenditure വിവരം നോട്ട്സ് ഓൺ അക്കൗണ്ടായി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല

പ്രിയർ പിരീഡ് ഇൻകം (I-19) പ്രകാരമുള്ള ലെഡ്ജറിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ I-19)	31.03.2024 ലെ ലെഡ്ജർ ബാക്കി
190100101-Prior Period Income-Property Tax	5386
190100102-Prior Period Income-Professional Tax	7910

190200101-Prior Period Income-Rent From Buildings	144550
190200201-Prior Period Income- License Fees	1360
190200401-Prior Period Income- Other Incomes	3417

1-1-4 ഡെപ്പോസിറ്റ് ചെയ്ത തുക - അതത് ഹെഡിൽ ചേർത്തിട്ടില്ല

താഴെ പറയുന്ന പദ്ധതികൾ പ്രകാരം വികസന ഫണ്ടിൽ നിന്നും കെ.എസ്.ഇ.ബി. ലിമിറ്റഡിലേക്ക് ഡെപ്പോസിറ്റ് ചെയ്ത 1731352 രൂപ Advance To Implementing Agencies - Deposit With Kerala Electricity Board എന്ന ഹെഡിൽ ചേർത്തിട്ടില്ല.

ക്രമ നം.	പ്രോജക്ട് നം., പേര്	ഡെപ്പോസിറ്റ് ചെയ്ത തുക
1	239/24, 'വിവിധ പ്രദേശങ്ങളിലെ ഇലക്ട്രിക്കൽ പോസ്റ്റുകൾ നീക്കം ചെയ്യൽ'	241352
2	291/24, '2, 4, 6, 7, 9 വാർഡുകളിൽ സ്ട്രീറ്റ് മെയ്ൻ സ്ഥാപിക്കൽ'	715000
3	292/24, '2, 4, 6, 7, 9, 10, 11	775000

വാർഡുകളിലെ എസ്.സി കോളനികളിൽ സ്ട്രീറ്റ് മെയ്ൻ സ്ഥാപിക്കൽ'	
ആകെ ഡെപ്പോസിറ്റ് തുക	1731352 രൂപ

1-1-5 അക്രൂവൽ സ്വഭാവമില്ലാത്ത വരവുകൾ വിവിധ ഷെഡ്യൂളുകളിൽ വ്യത്യസ്തം

അക്രൂവൽ സ്വഭാവമില്ലാത്ത വരവുകൾ റസീറ്റ് ആൻഡ് പേയ്മെന്റ് ഷെഡ്യൂളിലും ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ ഷെഡ്യൂളിലും തുല്യമായിരിക്കേണ്ടതാണ്. എന്നാൽ വാർഷിക കണക്കിലെ RP-4- Fees & User Charges പ്രകാരം ആകെ തുക 3292941 രൂപയും, I-4 ഷെഡ്യൂൾ പ്രകാരം 3445675 രൂപയുമാണ്. വ്യത്യാസത്തിനുള്ള കാരണം വ്യക്തമല്ല.

1-1-6 ആസ്തി വിവരങ്ങൾ കാലികമല്ല – ആസ്തി മൂല്യങ്ങളുടെ കൃത്യത ഉറപ്പാക്കാൻ കഴിയുന്നില്ല

ആസ്തി വിവരങ്ങൾ കാലികമാക്കാത്തതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11- Fixed Assets, B-11(a) - Accumulated Depreciation , B-11(e)- Capital Expenses (Infrastructure Sector) എന്നിവ പ്രകാരമുള്ള മൂല്യത്തിന്റെ കൃത്യത ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല.

1-1-7 CFC – ബാലൻസ് ഷീറ്റിലെ വിവിധ ഷെഡ്യൂളുകൾ പ്രകാരമുള്ള നീക്കിയിരുപ്പ് പൊരുത്തപ്പെടുന്നില്ല

CFC – ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരുപ്പ് 16149043 രൂപയും, B-17 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരുപ്പ് 14436177 രൂപയുമാണ്. (വ്യത്യാസം 1712866 രൂപ)

1-1-8 ഇ-ടെണ്ടർ ഫീ-പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല

അസി. എഞ്ചിനീയർ ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീയിനത്തിലെ

സാമ്പത്തിക വർഷത്തെ വരവ് പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല.

1-1-9 'അങ്കണവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക' – ലൈഫ് ലോൺ തിരിച്ചടവായി എടുത്തിരിക്കുന്നു

ലൈഫ് ലോൺ ലെഡ്ജർ പരിശോധിച്ചതിൽ 'അങ്കണവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക (പ്രൊജക്ട് നം. 309/24, 312/24 & 315/24)' എന്ന ജി.ഒ. പദ്ധതി പ്രകാരമുള്ള 1095000 രൂപയുടെ ചെലവ് തൻവർഷത്തെ ലൈഫ് ലോൺ തിരിച്ചടവായി കാണിച്ചിരിക്കുന്നു. മാത്രമല്ല 2023-24 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ലൈഫ് ലോൺ വരവ്-ചെലവും, ലോൺ രജിസ്റ്റർ പ്രകാരമുള്ള ലൈഫ് ലോൺ വരവ്-ചെലവും പൊരുത്തപ്പെടുന്നില്ല. വ്യത്യാസം ക്രമീകരിക്കേണ്ടതാണ്.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

	മുന്നിരിപ്പ്	തൻവർഷം ലഭിച്ചത്	തൻവർഷത്തെ തിരിച്ചടവ്	നീക്കിരിപ്പ്
വാർഷിക ധനകാര്യ പത്രിക പ്രകാരം	28122687	6673073	4478966	30316794
ലോൺ രജിസ്റ്റർ പ്രകാരം	28122687	6853073	2011198	32964562

1-2 ബജറ്റ്

02.12.2016 ലെ സ.ഉ.(സാധാ) നം. 3291/2016/തസ്വഭവ പ്രകാരം അംഗീകരിച്ച 'കേരളത്തിലെ

ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാനുവൽ', 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 175, 214 എന്നിവ പ്രകാരം ബജറ്റ് തയ്യാറാക്കൽ സംബന്ധിച്ച് പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്.
20.03.2023ന് ചേർന്ന യോഗത്തിലെ തീരുമാനം 1 പ്രകാരം ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. 09.02.2024ന് ചേർന്ന യോഗത്തിലെ തീരുമാനം 1 പ്രകാരം ബജറ്റ് റിവൈസ് ചെയ്തിട്ടുണ്ട്.
റിവൈസ്ഡ് ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

മുന്നിരിപ്പ്	₹34835584
തൻവർഷം വരവ്	₹204041000
ആകെ വരവ്	₹238876584
ചെലവ്	₹218487700
നീക്കിയിരിപ്പ്	₹20388884

1-3 സാമ്പത്തിക വിശകലനം (രസീറ്റ് & പെമെന്റ് പ്രകാരം)

മുന്നിരിപ്പ്	₹34835584
വരവ്	₹54720908
ആകെ	₹89556492
ചെലവ്	₹46635493
നീക്കിയിരിപ്പ്	₹42920999

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻ ബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	ലാപ്സ് ആയ തുക
വികസന ഫണ്ട് -ജനറൽ	0	26700000	26700000	24071115	2628885

വികസന ഫണ്ട് - എസ്.സി.പി	0	10383000	10383000	8240472	2142528
മെയ്ന്റനൻസ് ഗ്രാന്റ് - റോഡ്	0	5512650	5512650	4480743	1031907
മെയ്ന്റനൻസ് ഗ്രാന്റ് - നോൺ റോഡ്	0	2844600	2844600	2636440	208160
ആകെ	0	45440250	45440250	39428770	6011480

ഫണ്ടിനം	മുൻ ബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
സി.എഫ്.സി-അൺ ടൈഡ് ഗ്രാന്റ്	4774517	4787560	9562077	3358857	6203220
സി.എഫ്.സി-ടൈഡ് ഗ്രാന്റ്	1729717	3316000+7576592 (സി.എഫ്.സി-പെർഫോർമൻസ് ഗ്രാന്റ് ക്രമീകരിച്ചത്) = 10892592	12622309	2676486	9945823

കേന്ദ്രാവിഷ്കൃതം

ഫണ്ടിനം	മുന്നിരുപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ICDS	2879210	1182397	4061607	895968	3165639

TSC	540037	0	540037	340000	200037

തൊഴിലുറപ്പു പദ്ധതി

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
അഡ്മിനി സ്ട്രേറ്റീവ് ചെലവ്	6281	926546	932827	923235	9592
തൊഴിലാ ളികളുടെ വേതനം	0	41530972	41530972	41530972	0
കാപിറ്റൽ കോൺട്രിബ്യൂഷൻ	0	7586492	7586492	7586492	0
	6281	50044010	50050291	50040699	9592

പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഹെൽത്ത് ഗ്രാന്റ് (Diagnostic InfraStructure To The PHCs)	268341	978098	1246439	290501	955938
ഹെൽത്ത് ഗ്രാന്റ് (Health And Wellness Centres)	136927	408538	545465	320301	225164

സംസ്ഥാനാവിഷ്കൃതം

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്

ബെസ്റ്റ് പഞ്ചായത്ത് അവാർഡ് - ജില്ലാ തലം	100389	0	100389	0	100389
ലൈഫ് സംസ്ഥാന വിഹിതം	155921	7720000	7875921	4380000	3495921
വിമുക്തി ഗ്രാന്റ്	25000	0	25000	0	25000

1-5 പദ്ധതി അവലോകനം

എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
236	143656615	143	64769993	93	61

ബി) വിവിധ നിർവഹണ ഉദ്യോഗസ്ഥർ അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം	അടങ്കൽ	നടപ്പിലാക്കിയ/തുക ചെലവഴിച്ച പദ്ധതികളുടെ എണ്ണം	ചെലവ്	ചെലവ് ശതമാനം
കൃഷി ഓഫീസർ	10	4281761	9	2815098	65.75

വെറ്റിനറി സർജൻ	7	1354600	6	1176934	86.88
മെഡിക്കൽ ഓഫീസർ - എഫ്.എച്ച്.സി	11	4939453	10	3476942	70.39
മെഡിക്കൽ ഓഫീസർ - ആയുർവേദം	4	1754300	4	1754300	100
ഫിഷറീസ് സബ് ഇൻസ്പെക്ടർ	2	140000	0	0	0
വി.ഇ.ഒ	18	58231974	16	23518106	40.39
ICDS സൂപ്പർ വൈസർ	11	7931900	4	4236391	53.41
ഗ്രാമപഞ്ചായത്ത് സെക്രട്ടറി	47	16546406	20	8560990	51.74
ഹെഡ് മാസ്റ്റർ	5	1020000	4	867310	85.03
അസിസ്റ്റന്റ് എഞ്ചിനീയർ	115	42949311	65	14581467	34
ഡയറി ഫാം ഇൻസ്ട്രക്ടർ	2	2574910	2	2574910	100
അസിസ്റ്റന്റ് സെക്രട്ടറി	4	1932000	3	1207545	62.5
ആകെ	236	143656615	143	64769993	45.09

അതത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി

പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

1-6 തൊഴിലുറപ്പ് പദ്ധതി

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
അഡ്മിനിസ്ട്രേറ്റീവ് ചെലവ്	6281	926546	932827	923235	9592
തൊഴിലാളികളുടെ വേതനം	0	41530972	41530972	41530972	0
കാപിറ്റൽ കോൺട്രിബ്യൂഷൻ	0	7586492	7586492	7586492	0
	6281	50044010	50050291	50040699	9592

1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നം.	ക്ഷേമ പദ്ധതി	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
1	കർഷക തൊഴിലാളി പെൻഷൻ	2904400	237
2	വാർദ്ധക്യകാല പെൻഷൻ	19785500	2049
3	വികലാംഗ പെൻഷൻ	3731100	354
4	50 വയസ്സ് കഴിഞ്ഞ	985000	88

	അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ		
5	വിധവാ പെൻഷൻ	11857200	1112
6	തൊഴിലില്ലായ്മ വേതനം	1440	2
7	വിധവകളുടെ പെൺമകൾക്കുള്ള വിവാഹ ധനസഹായം	270000	9

1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.12.2024 തീയതിയിൽ 3.00 പി.എം-ന് സ്ഥാപനത്തിലെ അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 540/- (അഞ്ഞൂറ്റി നാൽപ്പത് രൂപ മാത്രം) രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ വിഷയങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്.

അക്കൗണ്ടിംഗ് റൂൾസ് പ്രകാരം സൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും രേഖകളും സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ട്.

എല്ലാ പേമെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്. വൗച്ചറിനോടൊപ്പം ബില്ലുകൾ സൂക്ഷിക്കുന്നുണ്ട്. ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്.

ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ആസ്തികളുടെ സമഗ്രമായ വിവരങ്ങൾ

രേഖപ്പെടുത്തുന്ന ആസ്തി റജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

പദ്ധതികൾ ലക്ഷ്യം പൂർത്തീകരിക്കുന്നുണ്ടെന്ന് മോണിറ്ററിംഗ് സമിതികൾ വിലയിരുത്തേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് പദ്ധതി ഫയലിൽ സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

പദ്ധതി നടത്തിപ്പ് കാര്യക്ഷമത ഉറപ്പു വരുത്തേണ്ടതാണ്. കൃത്യമായ ആസൂത്രണത്തിന്റെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ സമയബന്ധിതമായ ഇടപെടലിന്റെയും അഭാവത്തിൽ 2023-24 സാമ്പത്തിക വർഷം ആകെ അടങ്കലിന്റെ 45.09 ശതമാനം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട് എന്നീ ഗ്രാന്റിനത്തിൽ ലഭിച്ച 45440250 രൂപയിൽ 6011480 രൂപ ചെലവഴിക്കാനാവാതെ നഷ്ടപ്പെട്ടു. ചെലവഴിക്കാത്ത പ്രസ്തുത ഗ്രാന്റുകൾ തുടർവർഷങ്ങളിൽ ലഭ്യമാവാത്ത ഈ സാഹചര്യത്തിൽ സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പരമാവധി അതാത് വർഷങ്ങളിൽ തന്നെ ഉപയോഗപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ വികസനം ത്വരിതപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

02.04.2009 മുതൽ 18.04.2009 വരെ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2004-05 മുതൽ 2008-09 വർഷം വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. 20.01.2023 തീയതിയിൽ നടന്ന പെർഫോമൻസ് ഓഡിറ്റിൽ ഡിസംബർ 2022 ലെ കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. ഗുരുതരമായ ക്രമക്കേടുകളൊന്നും മുൻ റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടില്ല. പൊതുവായ പരാമർശങ്ങൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

1-11 തൊഴിൽ നികുതി പിരിവ് - അപാകതകൾ

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുകയോ തൊഴിലെടുക്കുകയോ ചെയ്യുന്ന സ്ഥാപനത്തിന്റെയോ വ്യക്തിയുടെയോ മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. കാരാകുറിശ്ശി ഗ്രാമപഞ്ചായത്തിലെ 2023-24 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ, ഡിമാന്റ് കളക്ഷൻ

ബാലൻസ് എന്നിവ പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത്രാജ് നിയമം വകുപ്പ് 205 ഐ , 1994 ലെ കേരള പഞ്ചായത്ത്രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 18(2) എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഓരോ സ്ഥാപനത്തിനും പ്രത്യേകം പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ (ഫോറം 5) തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2. കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

2023-24 വർഷം ഗ്രാമപഞ്ചായത്ത് പരിധിയിൽ മരാമത്ത് ജോലികൾക്കായി പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ട കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	കരാറുകാരന്റെ പേര്
1	രാധാകൃഷ്ണൻ എം
2	രാമകൃഷ്ണൻ ടി
3	യൂസഫ് ടി കെ
4	ഹംസ കെ
5	സുരേഷ് ബാബു

3. സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വാണിജ്യ/വ്യാപാര സ്ഥാപനങ്ങൾ ഡി. & ഒ. ലൈസൻസിനുവേണ്ടി പഞ്ചായത്തിൽ സമർപ്പിക്കുന്ന അപേക്ഷകളിൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തുന്നുണ്ട്. പ്രസ്തുത ജീവനക്കാരിൽനിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	ലൈസൻസ് അപേക്ഷയിൽ

		രേഖപ്പെടുത്തിയിരിക്കുന്ന ജീവനക്കാരുടെ എണ്ണം
1	നിഹാൽ ഓട്ടോ ഇലക്ട്രിക്കൽസ് സ്പെയർ പാർട്ട്സ്	2
2	അൽ-ഫത്ഹ് ട്രേഡിംഗ്	4
3	മർഹബ ഹോട്ടൽ	3
4	എ വൺ വെൽഡിംഗ് കമ്പനി	4
5	നള സ്പൈസസ്	3

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറി നമ്പർ 32/17.12.2024-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-12 ബിൽഡിംഗ് പെർമിറ്റ് സംബന്ധമായ അപാകതകൾ

29.01.2020 ലെ സർക്കുലർ നമ്പർ ആർ.എ1/444/2019-തസ്വഭവ പ്രകാരം തദ്ദേശ സ്വയംഭരണ ഭരണ സ്ഥാപനങ്ങൾ കെട്ടിട നിർമ്മാണാനുമതി നൽകുന്ന രജിസ്റ്റർ കൃത്യമായ രേഖപ്പെടുത്തലുകൾ നടത്തി സൂക്ഷിക്കുണമെന്നും ഇത് സെക്രട്ടറി പരിശോധിച്ച് ഉറപ്പാക്കണമെന്നും നിർദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ 2023-24 വർഷത്തെ പെർമിറ്റ് നൽകിയ പണി

പൂർത്തിയാക്കിയ കെട്ടിടങ്ങളുടെ വിവരങ്ങൾ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആവശ്യമായ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിനാൽ മുൻപ് പെർമിറ്റ് ലഭിച്ച എത്ര കെട്ടിടങ്ങൾ പണി പൂർത്തിയാക്കിയെന്നും കാലാവധി കഴിഞ്ഞ പെർമിറ്റുകൾ പുതുക്കിയോ എന്നും പരിശോധിക്കാൻ സാധിക്കുന്നില്ല. പണി പൂർത്തിയാക്കിയ കെട്ടിടങ്ങളുടെ അസ്സസ്സ്മെന്റ് നമ്പർ ബന്ധപ്പെട്ട കോളത്തിൽ രേഖപ്പെടുത്തുന്നില്ല.

മേൽ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറി നമ്പർ 33/17.12.2024-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-13 ഷോപ്പിംഗ് കോംപ്ലക്സ് വാടകകക്ക് നൽകിയത് സംബന്ധിച്ച്

വാടക രജിസ്റ്റർ പ്രകാരം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ 4 കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. വാടകകക്ക് നൽകിയത് സംബന്ധിച്ച രജിസ്റ്റർ, ഫയൽ എന്നിവ പരിശോധിച്ചതിൽ നിന്നും ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്ത് വാടക കെട്ടിടങ്ങളുടെ നടത്തിപ്പിനായുള്ള ബൈലോ നാളിതുവരെ തയ്യാറാക്കി അംഗീകാരം വാങ്ങിയതായി കാണുന്നില്ല. അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക നിശ്ചയിക്കുന്ന രീതി, കൃത്യത, അഡ്വാൻസ്, ഡെപ്പോസിറ്റ് എന്നിവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 256-ാം വകുപ്പ്, 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം) ചട്ടങ്ങൾ ചട്ടം 3 (5, 6, 7) പ്രകാരമുള്ള ബൈലോ തയ്യാറാക്കി ബന്ധപ്പെട്ട അധികാരികളുടെ അംഗീകാരം ലഭ്യമാക്കേണ്ടതാണ്.

2. 30.03.2023 തീയതിയിലെ സാധാരണ യോഗത്തിലെ 6/1 നമ്പർ തീരുമാനം പ്രകാരം ഷോപ്പിംഗ് കോംപ്ലക്സിലെ 11/4, 11/5 നമ്പർ കെട്ടിട മുറികളുടെ വാടക പ്രതിമാസം 2500/- രൂപയായി നിശ്ചയിച്ചിട്ടുണ്ട്. കടമുറികളുടെ വാടക പുനർനിർണയിച്ചു നൽകുന്നതിന് അസി. എഞ്ചിനീയർ വാല്യുവേഷൻ നടത്തിയതായി കാണുന്നില്ല.

3. ഷോപ്പിംഗ് കോംപ്ലക്സിലെ 11/4, 11/5 നമ്പർ കെട്ടിട മുറികളുടെ 2023-24 വർഷത്തിലെ വാടകക്കാരായ ഷഹർബാൻ മുതൽപ്പേർ, സുനി കെ മാത്യു എന്നിവരിൽ നിന്നും മുദ്രപത്രം ഒപ്പിട്ടു വാങ്ങിയിട്ടുണ്ടെങ്കിലും നാളിതുവരെ കരാർ ചമച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറി നമ്പർ 34/17.12.2024-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-14 അസംബ്ലി ബിൽഡിംഗ് (കെട്ടിട നമ്പർ 11/604A) വസ്തു നികുതി നിർണയ പരിശോധനയിൽ കണ്ടെത്തിയ അപാകത

ഗ്രാമപഞ്ചായത്തിലെ അസംബ്ലി ബിൽഡിംഗ് (കൺവെൻഷൻ സെന്റർ, ഓഡിറ്റോറിയം, കല്യാണ മണ്ഡപം, സിനിമ തീയേറ്റർ തുടങ്ങിയവ ഉൾപ്പെടെ) ഉപയോഗക്രമത്തിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 36.75 രൂപ നിരക്കിലാണ് **വസ്തു**നികുതി നിർണ്ണയിച്ചിരിക്കുന്നത്. പ്രസ്തുത ഉപയോഗക്രമത്തിൽ ഉൾപ്പെട്ട കരിമ്പാലയിൽ കല്യാണ മണ്ഡപത്തിന്റെ (11/604A നമ്പർ കെട്ടിടത്തിന്റെ) വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട ഫോം 6-ൽ ഉൾപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

കെട്ടിട നമ്പർ/ ഉടമസ്ഥന്റെ പേര്	കെട്ടിട ഉപയോഗ ക്രമം	വിസ്തീർണ്ണം	വസ്തുനികുതി നിരക്ക്	ഇളവ്	വർദ്ധനവ്	വസ്തു നികുതി നിർണയം	ഈടാക്കിയ കാലയളവ്

11/604A, ശ്രീ. ഷറഫുദ്ദീൻ എൻ	അസംബ്ലി ബിൽഡിംഗ് (കല്യാണ മണ്ഡപം)	2293.97 ച. മീ.	36.75 രൂപ/ ച. മീ. (ആകെ 84303.3975 രൂപ)	10% (₹8430.34) കുറഞ്ഞ തരം മേൽക്കൂര	20% (₹16860.68) വഴി സൗകര്യം	(84303.34-8430.34 + 16860.68= ₹92734) ലൈബ്രറി സെസ്=₹4637 ആകെ ₹ 97371/-	2024-25 രണ്ടാം അർദ്ധ വർഷം മുതൽ

മേൽ പരാമർശിച്ച കെട്ടിടത്തിന്റെ വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട ഫോം 6 (സഞ്ചയ സോഫ്റ്റ്വെയർ) പരിശോധിച്ചതിൽ നിന്നും കെട്ടിടത്തിന് കേന്ദ്രീകൃത എയർകണ്ടീഷനിംഗ് സംവിധാനം ഇല്ലെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 18.12.2024-ലെ പ്രാദേശിക പരിശോധനയിൽ കെട്ടിടത്തിന്റെ സ്റ്റേജ് ഉൾപ്പെട്ട മെയിൻ ഹാളിലെ വിസ്തീർണ്ണത്തിന് കേന്ദ്രീകൃത എയർകണ്ടീഷനിംഗ് സംവിധാനം ഉണ്ടെന്ന് ബോധ്യപ്പെട്ടു. വസ്തു നികുതി നിർണയത്തിൽ ഇക്കാര്യം പരിഗണിക്കാതിരുന്നത് ക്രമപ്രകാരമല്ല. വസ്തു നികുതി പുന:നിർണയിച്ച് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻകയറി നമ്പർ 38/18.12.2024-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-15 അങ്കണവാടി അനുപൂരക പോഷകാഹാരം വിതരണം പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

1)സ്റ്റോക്ക് രജിസ്റ്ററിൽ വിവരങ്ങൾ പൂർണ്ണമായും ഉൾപ്പെടുത്തിയിട്ടില്ല.

അനുപൂരക പോഷകാഹാര വിതരണത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 2023-24 കാലയളവിൽ ഓരോ മാസത്തെയും സാധനങ്ങൾ ലഭ്യമായതിന്റെ അളവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബിൽ നമ്പർ, തിയതി, ബിൽ തുക, സാധനങ്ങൾ വാങ്ങിയ സ്ഥാപനത്തിന്റെ വിവരങ്ങൾ , സാധനങ്ങൾ കൈപ്പറ്റിയതിന് അങ്കണവാടി ജീവനക്കാരിൽ നിന്നുള്ള കൈപ്പറ്റ് രശീത് എന്നിവയൊന്നും ലഭ്യമായിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററിൽ വിവരങ്ങൾ പൂർണ്ണമായും രേഖപ്പെടുത്താത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ്

അന്വേഷണത്തിന് തുടർന്നുള്ള കാലയളവിൽ ഇക്കാര്യം ശ്രദ്ധിക്കാമെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.സ്റ്റോക്ക് രജിസ്റ്ററുകളിൽ വിവരങ്ങൾ യഥാസമയം പൂർണ്ണമായി രേഖപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2) TR 7Aകാഷ് ബുക്കിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 16(1) പ്രകാരം എല്ലാ നിർവഹണ ഉദ്യോഗസ്ഥരും TR-7A ഫോറത്തിലുള്ള ഒരു കാഷ് ബുക്ക് സൂക്ഷിക്കേണ്ടതും എല്ലാ സ്രോതസ്സിൽ നിന്നുമുള്ള പണം വരവും പണം നൽകലും രേഖപ്പെടുത്തേണ്ടതുമാണ്. കൂടാതെ ഓരോ പഞ്ചായത്തിന്റെയും ഇടപാടുകൾ രേഖപ്പെടുത്തുവാൻ പ്രത്യേകം സബ്സിഡിയറി രജിസ്റ്ററും സൂക്ഷിക്കേണ്ടതാണ്.

കെ.ടി.സി വോള്യം L, ആർട്ടിക്കിൾ 92(എ)) പ്രകാരം സർക്കാരിന് വേണ്ടി പണം സ്വീകരിക്കുന്ന എല്ലാ ഉദ്യോഗസ്ഥരും TR-7A ഫോറത്തിലുള്ള ഒരു കാഷ് ബുക്ക് സൂക്ഷിക്കേണ്ടതാണെന്നും എല്ലാ പണമിടപാടുകളും കാഷ് ബുക്കിൽ ചേർത്ത് ക്യത്യമായി ക്ലോസ്സ് ചെയ്യേണ്ടതും കാഷ് ബുക്കിലെ രേഖപ്പെടുത്തലുകൾ ഓഫീസ് മേധാവിയോ കാഷ് ബുക്ക് എഴുതിയ ആൾ ഒഴികെയുള്ള മറ്റ് ഉത്തരവാദപ്പെട്ടവരോ പരിശോധിക്കേണ്ടതാണെന്നും മാസാവസാനത്തിൽ ഓഫീസ് മേധാവി കാഷ് ബാലൻസ് പരിശോധിക്കേണ്ടതും സാക്ഷ്യപത്രം രേഖപ്പെടുത്തിതിയതിയോട് കൂടി ഒപ്പ് വെക്കേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

ഐ.സി.ഡി.എസ് സൂപ്പർവൈസർ ഹാജരാക്കിയ കാഷ് ബുക്ക് പരിശോധിച്ചതിൽ 2023-24 സാമ്പത്തിക വർഷത്തെ വരവ് ചെലവ് തുകകൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വരവ് ചെലവ് നടത്തിയ തിയതി രേഖപ്പെടുത്തിയിട്ടില്ല, ദിവസവും കാഷ് ബുക്ക് ക്യത്യമായി ക്ലോസ്സ് ചെയ്തതിട്ടില്ല, കൂടാതെ മാസാവസാനത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥ കാഷ് ബാലൻസ് പരിശോധിച്ച് ഒപ്പു വെക്കുകയോ തിയതിയോട് കൂടിയ സാക്ഷ്യപത്രം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

തുടർന്നുള്ള വർഷങ്ങളിൽ എല്ലാ വരവ് ചെലവ് കണക്കുകളും കാഷ് ബുക്കിൽ ചേർത്ത് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് ആവശ്യമായ സാക്ഷ്യപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കേണ്ടതാണ്.

3) പ്രൊജക്ട് നം. - 44/24 - അങ്കണവാടി അനുപൂരക പോഷകാഹാരം -എസ്.സി.പി

നിർവ്വഹണ ഉദ്യോഗസ്ഥ	ഐ.സി.ഡി.എസ് സൂപ്പർവൈസർ
അടങ്കൽ	450000/-
ചെലവ്	294796/-(വികസന ഫണ്ട് - എസ്.സി.പി)

ട്രഷറി ബിൽ നം.10/20-01-2024, 239656/-

മേൽ ബില്ല് പ്രകാരം കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ്, പള്ളിക്കുറുപ്പ് എന്ന സ്ഥാപനത്തിന്റെ Issue No.0905109/22403 Dt. 30-11-2022 ബിൽ പ്രകാരമുള്ള തുക – 110482/- രൂപ തൻവർഷം നൽകിയിട്ടുണ്ട്. മുൻ വർഷത്തെ ചെലവ് തുക 2023-24 സാമ്പത്തിക വർഷത്തിൽ നൽകാനുണ്ടായ സാഹചര്യം വ്യക്തമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മുൻ സൂപ്പർവൈസർ ഈ ബില്ല് പ്രകാരമുള്ള തുക സ്ഥാപനത്തിന് നൽകാതെ കൈമാറിയതിനാലാണ് 2023-24 വർഷത്തിൽ നൽകിയത് എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയത്.

2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ തുടർച്ചയായി കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ്, പള്ളിക്കുറുപ്പ് എന്ന സ്ഥാപനത്തിൽ നിന്നും സാധനങ്ങൾ വാങ്ങിയിട്ടുള്ളതിനാൽ 30-11-2022 ലെ ഇൻവോയ്സ് പ്രകാരമുള്ള ചെലവ് ഒരു വർഷത്തിന് ശേഷം, മുമ്പ് തുക നൽകിയിട്ടില്ലെന്ന് പരിശോധിച്ച് ഉറപ്പാക്കി പ്രത്യേക നടപടിക്രമങ്ങളില്ലാതെ അനുവദിച്ചത് ശരിയായ നടപടിയല്ല. ചെലവ് തുകകൾ അതാത് സാമ്പത്തിക വർഷം തന്നെ നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

4) പ്രൊജക്ട് നം. - 43/24 - അങ്കണവാടി അനുപൂരക പോഷകാഹാരം -ജനറൽ

നിർവ്വഹണ ഉദ്യോഗസ്ഥ	ഐ.സി.ഡി.എസ് സൂപ്പർവൈസർ

അടങ്കൽ	3200000/-
ചെലവ്	1928195/-(വികസന ഫണ്ട് - പൊതുവിഭാഗം സാധാരണ വിഹിതം) + 895968 (കേന്ദ്രാവിഷ്കൃത ഫണ്ട്)

അങ്കണവാടി അനുപൂരക പോഷകാഹാരം -ജനറൽ പദ്ധതി നടപ്പാക്കുന്നതിനായി കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നും ചെലവഴിച്ച Rs.310084 രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വൗച്ചർ നം.000000974592/31-03-2024, Rs.310084

സപ്ലൈയർ - കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ്, പള്ളിക്കുറുപ്പ്

ക്രമ നം.	ഇൻവോയ്സ് നം./ തിയതി	തുക(Rs.)
2	0905109/2384, 18-08-2023	129175

2023-24 സാമ്പത്തിക വർഷത്തിൽ കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നും ചെലവഴിച്ച Rs.310084 രൂപയിൽ 129175 രൂപയുടെ ബില്ല് മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്.ബാക്കി 180909 രൂപയുടെ ബില്ലുകൾ പരിശോധനയ്ക്ക് ഹാജരാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഇൻവോയ്സ് നം.0905109/23197,തി.24-03-2024 പ്രകാരമുള്ള 180347 രൂപയുടെ ഇൻവോയ്സ് ഹാജരാക്കിയിട്ടുണ്ട്.സ്ഥാപനത്തിന് അധികമായി നൽകിയ Rs.562 രൂപ നിർവ്വഹണ ഉദ്യോഗസ്ഥ രശീതി നം.1240102308/G090407, തി.17-12-2024 പ്രകാരം അടവാക്കിയത് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്.

കെ.ടി.സി വോള്യം L, ആർട്ടിക്കിൾ 92(എ)) പ്രകാരം സർക്കാരിന് വേണ്ടി പണം സ്വീകരിക്കുന്ന

എല്ലാ ഉദ്യോഗസ്ഥരും TR-7A ഫോറത്തിലുള്ള ഒരു കാഷ് ബുക്ക് സൂക്ഷിക്കേണ്ടതാണെന്നും എല്ലാ പണമിടപാടുകളും കാഷ് ബുക്കിൽ ചേർത്ത് കാഷ് ബുക്ക് കൃത്യമായി ക്ലോസ്സ് ചെയ്യേണ്ടതും കാഷ് ബുക്കിലെ രേഖപ്പെടുത്തലുകൾ ഓഫീസ് മേധാവിയോ കാഷ് ബുക്ക് എഴുതിയ ആൾ ഒഴികെയുള്ള മറ്റ് ഉത്തരവാദപ്പെട്ടവരോ പരിശോധിക്കേണ്ടതാണെന്നും മാസാവസാനത്തിൽ ഓഫീസ് മേധാവി കാഷ് ബാലൻസ് പരിശോധിക്കേണ്ടതും ഒപ്പ് വെക്കേണ്ടതും തിയതിയോട് കൂടിയ സാക്ഷ്യപത്രം രേഖപ്പെടുത്തേണ്ടതുമാണ് എന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

ഐ.സി.ഡി.എസ് സൂപ്പർവൈസർ ഹാജരാക്കിയ കാഷ് ബുക്ക് പരിശോധിച്ചതിൽ 2023-24 സാമ്പത്തിക വർഷത്തെ വരവ് ചെലവ് തുകകൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വരവ് ചെലവ് നടത്തിയ തിയതി രേഖപ്പെടുത്തിയിട്ടില്ല, ദിവസവും കാഷ് ബുക്ക് കൃത്യമായി ക്ലോസ്സ് ചെയ്തതിട്ടില്ല, കൂടാതെ മാസാവസാനത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥ കാഷ് ബാലൻസ് പരിശോധിച്ച് ഒപ്പു വെക്കുകയോ തിയതിയോട് കൂടിയ സാക്ഷ്യപത്രം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

തുടർന്നുള്ള വർഷങ്ങളിൽ എല്ലാ വരവ് ചെലവ് കണക്കുകളും കാഷ് ബുക്കിൽ കൃത്യമായി എഴുതി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് ആവശ്യമായ സാക്ഷ്യപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.20/16-12-2024)

1-16 വൃദ്ധർക്ക് കട്ടിൽ വിതരണം - സ്റ്റോർസ് പർച്ചേസ് വ്യവസ്ഥകൾ പാലിച്ചിട്ടില്ല

പ്രൊജക്ട് നം.	251/24 - വൃദ്ധർക്ക് കട്ടിൽ -ജനറൽ (Spillover)
അടങ്കൽ	278400/-(വികസന ഫണ്ട് - പൊതുവിഭാഗം സാധാരണ വിഹിതം)
ചെലവ്	262432/- ട്രഷറി ബിൽ

	നം.5/16-01-2024

നിർവ്വഹണ ഉദ്യോഗസ്ഥ--ഐ.സി.ഡി.എസ് സൂപ്പർവൈസർ
പദ്ധതി പ്രകാരം താഴെ ചേർക്കുന്ന സ്പെസിഫിക്കേഷനിലുള്ള 64 കട്ടിലുകൾ ഒരു കട്ടിലിന് 3475/-രൂപ നിരക്കിൽ ARTCO LTD, മലപ്പുറം ബ്രാഞ്ചിൽ നിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.വിശദ വിവരം ചുവടെ ചേർക്കുന്നു.

ഇൻവോയ്സ് നം.2022-23/MPM 500,തി.30-03-2023

സ്പെസിഫിക്കേഷൻ- HW Cot 198 X90cm , Front Leg 60cm, Back Leg -50cm, 8mm Plywood Top Mahagani Wood

പ്രൊജക്ടിന്റെ ഫയലുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)ജി.ഒ(ആർടി)നം. 21/2023/SPD തിയതി 24-02-2023 പ്രകാരം ARTCO-യുടെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ട ഫർണിച്ചറുകൾ ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് വാങ്ങാവുന്നതാണ്. ഇപ്രകാരം പട്ടികയിൽ ഉൾപ്പെടാത്ത ഫർണിച്ചറുകൾ സ്റ്റോർ പർച്ചേയ്സ് റൂൾസ് പാലിച്ച് ടെണ്ടർ നടപടികളിലൂടെ വാങ്ങലുകൾ നടത്തേണ്ടതും ആയതിൽ ARTCO- വിനും പങ്കെടുക്കാവുന്നതുമാണ്.

മേൽ സൂചിപ്പിച്ച സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഫർണിച്ചറുകൾ സർക്കാർ അംഗീകരിച്ച ARTCO ഇനങ്ങളുടെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത ഫർണിച്ചർ കമ്മറ്റേഷൻ/ ടെണ്ടർ നടപടി കൂടാതെ ARTCO യിൽ നിന്ന് നേരിട്ട് വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

2)സ.ഉ(പി)നം.07/2019/SPD തിയതി 26-04-2019 പ്രകാരം 25000 രൂപയ്ക്കു മുകളിലുള്ള വാങ്ങലുകൾ നടത്തുമ്പോൾ കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ GeM (Government E Marketplace) ൽ സാധനങ്ങൾ ലഭ്യമാണോ എന്ന് പരിശോധിക്കേണ്ടതും GeM ൽ ലഭ്യമായവ GeM മുഖേന നിർബന്ധമായും വാങ്ങേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച പ്രകാരമുള്ള ഫർണീച്ചറുകൾ GeM ൽ ലഭ്യമാണോ എന്ന് പരിശോധിച്ചത് സംബന്ധിച്ച രേഖകൾ സൂക്ഷിച്ചിട്ടില്ല.

3)പ്രൊക്യുർമെന്റ് കമ്മിറ്റി മിനിട്സ് പരിശോധിച്ചതിൽ മേൽ വാങ്ങലുകൾ പ്രൊക്യുർമെന്റ് കമ്മിറ്റി അംഗീകരിച്ചിട്ടില്ല എന്ന് ബോധ്യപ്പെട്ടു

മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.തുടർന്നുള്ള വർഷങ്ങളിൽ വാങ്ങലുകൾ ഉൾപ്പെടുന്ന പദ്ധതികൾ നടപ്പാക്കുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.17/13-12-2024)

1-17 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - അധികം തുക നൽകിയത് സംബന്ധിച്ച്

പ്രോജക്ട് നം.	45/23 (ജനറൽ)
നിർവ്വഹണ ഉദ്യോഗസ്ഥ	ഐ.സി.ഡി.എസ് സൂപ്പർവൈസർ
അടങ്കൽ	1675000/- (1300000/-വികസന ഫണ്ട് - പൊതുവിഭാഗം + 250000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം +125000 ജില്ലാ പഞ്ചായത്ത് വിഹിതം)
ചെലവ്	855000/-(705000+150000)

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി

പ്രകാരം 52 ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

സബ്സിഡി മാർഗ്ഗരേഖ - സ.ഉ (കൈ)നം.115/2022/തസ്വഭവ/ 28-05-2022 ഖണ്ഡിക.7.16.ബി പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് നൽകാവുന്ന സ്കോളർഷിപ്പ് തുക 28500/- രൂപയാണ്. എന്നാൽ ആസിഫ് .കെ എന്ന ഗുണഭോക്താവിന് 30000/- രൂപ (അക്കൗണ്ട് നം.67183768408) സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്.വിശദ വിവരം ചുവടെ ചേർക്കുന്നു.

ട്രഷറി ബിൽ നം.,തുക	ആസിഫ് .കെ എന്ന ഗുണഭോക്താവിന് അനുവദിച്ച തുക
16/05-02-2024,Rs. 50000	Rs.5000
14/18-01-2024, Rs.150000	Rs.15000
7/28-12-2023, Rs.15000	Rs.10000

മാർഗ്ഗ രേഖയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി Rs.1500 രൂപ അധികം നൽകിയത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നൽകിയതിന്റെ അടിസ്ഥാനത്തിൽ രസീതി നം.1240102297/G090407, തി.16-12-2024 പ്രകാരം 1500 രൂപ നിർവ്വഹണ ഉദ്യോഗസ്ഥ അടവാക്കിയത് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്. തുടർന്നുള്ള വർഷങ്ങളിൽ വ്യക്തിഗത ആനുകൂല്യം അനുവദിക്കുന്ന പദ്ധതികൾ നടപ്പാക്കുമ്പോൾ മാർഗ്ഗരേഖയിലെ വ്യവസ്ഥകൾക്കനുസൃതമായി ആനുകൂല്യങ്ങൾ അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.18/13-12-2024)

<u>1-18 ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ - വാങ്ങൽ നടപടി ക്രമങ്ങളിലെ അപാകതകൾ</u>

പ്രൊജക്ട് നം.	100/24
നിർവ്വഹണ	മെഡിക്കൽ

ഉദ്യോഗസ്ഥൻ	ഓഫീസർ, എഫ്.എച്ച്.സി
അടങ്കൽ	264733/-(ഹെൽത്ത് ഗ്രാന്റ്)
ചെലവ്	108863/- Sanction Order No.469/25-03-2023 , 20000/- 5/27-06-2023, 47426/- 83/14-09-2023, 41437/-

ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ പദ്ധതി പ്രകാരം ആർട്കോ പാലക്കാട് ബ്രാഞ്ചിൽ നിന്നും ഫർണ്ണിച്ചറുകൾ നേരിട്ട് വാങ്ങിയിട്ടുണ്ട്.പ്രസ്തുത വാങ്ങൽ നടപടി പ്രൊക്യുർമെന്റ് കമ്മിറ്റി അംഗീകരിച്ചിട്ടില്ല.വിശദ വിവരം ചുവടെ ചേർക്കുന്നു.

ഇൻവോയ്സ് നം.PKD 470/21-03-2023

ക്രമ നം.	ഇനം	Rate(Rs.)	എണ്ണം	GST ഉൾപ്പെടെയുള്ള വില(Rs.)
1	Steel Cabinet With 4 Fixed Shelves 78”*36”*19” -18G-20G	12133	1	14316.94
2	Steel Cabinet With One Drawer	4816	1	5682.88

	And One Cupboard 48*24*30” Top With 18mm Novopan -22G			

ജി.ഒ(ആർടി)നം. 20/2023/SPD തിയതി 24-02-2023 പ്രകാരം ARTCO-യുടെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ട ഫർണിച്ചറുകൾ ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് വാങ്ങാവുന്നതാണ്. ജി.ഒ(ആർടി)നം. 4/2018/SPD തിയതി 02.02.2018 പ്രകാരമുള്ള സ്റ്റോർ പർച്ചേയ്സ് ഡിപ്പാർട്ടുമെന്റിന്റെ ഉത്തരവിൽ ARTCO നിർമ്മിച്ച് വിതരണം ചെയ്യുന്ന ഫർണിച്ചറുകളുടെ പ്രൈസ് ലിസ്റ്റ് ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് പരിശോധിച്ചതിൽ ക്രമ നമ്പർ 1 പ്രകാരമുള്ള ഇനം പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. കൂടാതെ പ്രസ്തുത വാങ്ങൽ നടപടി പ്രൊക്യുർമെന്റ് കമ്മിറ്റി അംഗീകരിച്ചിട്ടില്ല. പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത ഫർണ്ണിച്ചർ ക്വട്ടേഷൻ/ ടെണ്ടർ നടപടി കൂടാതെ ARTCO യിൽ നിന്ന് നേരിട്ട് വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട ഓഡിറ്റ് അന്വേഷണത്തിന് ഭാവി പർച്ചേസുകളിൽ നടപടി ക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കുന്നതാണ് എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

ക്രമ നമ്പർ 1 പ്രകാരം വാങ്ങിയ ഇനത്തിന്റെ സ്പെസിഫിക്കേഷൻ 18G യാണോ 20G യാണോ എന്ന് വ്യക്തമാക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. തുടർന്നുള്ള വർഷങ്ങളിൽ പദ്ധതികൾ നടപ്പാക്കുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.16/13-12-2024)

<u>1-19 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - ഹോംകോയിൽ നിന്നും മരുന്നുകൾ ലഭ്യമായിട്ടില്ല</u>

	പ്രോജക്ട്	41/24 ഹോമിയോ ഡിസ്പെൻസറിക്ക്

	മരുന്ന് വാങ്ങൽ
അടങ്കൽ	300000/- (മെയിന്റനൻസ് ഫണ്ട് - റോഡിതരം)
ചെലവ്	300000/-
ട്രഷറി ബിൽ നം. /തീയതി	15/11-10-2023 , 300000/-
ഇൻവോയ്സ് നം ./തിയതി	LF -2772/25-01-2024 – 93620/- LF – 1140/26-09-2024 – 103234/-
സപ്ലെയർ	The Kerala State Homeopathic Co-Operative Pharmacy, Alappuzha

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതി പ്രകാരം 300000/- രൂപ (പ്രൊഫോർമ ഇൻവോഴ്സ് നം. PF-397/12-09-2023) ഹോംകോയുടെ അക്കൗണ്ടിലേക്ക് (നം. 34306403911, എസ്.ബി.ഐ) മാറി നൽകിയിട്ടുണ്ട്. ആയതിൽ നാളിതുവരെ ആകെ 196854/- രൂപയുടെ മരുന്നുകൾ ലഭ്യമായത് സ്റ്റോക്കിലെടുത്തിട്ടുണ്ട്. ബാക്കി 103146/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള മേൽ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം. 14/13-12-2024) മരുന്നുകൾ ലഭ്യമാക്കുന്നതിനായി ഹോംകോയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നുമുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള മരുന്നുകൾ ഹോംകോയിൽ നിന്നും ലഭ്യമാക്കി ഒറിജിനൽ ഇൻവോയ്സുകൾ, മരുന്ന് സ്റ്റോക്കിലെടുത്തിട്ടുള്ള സ്റ്റോക്ക് രജിസ്റ്റർ എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം വിവരം അറിയിക്കേണ്ടതാണ്.

1-20 മുൻകുർ തുകകൾ ക്രമീകരിച്ചിട്ടില്ല

വാർഷിക ധനകാര്യ പത്രികയിലെ ഷെഡ്യൂൾ ബി 18 പ്രകാരം താഴെ പറയുന്ന ശീർഷകങ്ങളിൽ മുൻകൂർ നൽകിയത് ക്രമീകരിക്കുന്നതിന് അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമനം	ഇനം	ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക
1	Other Advances	5000
2	Advance To Implementing Agencies - Deposit With Kerala Water Authority	6701000
3	Advance To Implementing Officers	381639
4	Advance To Mahatma Gandhi NREGA/ AUEGS Administrative Expense	2943831
5	Advance To Others	900
ആകെ		10032370 രൂപ

ക്രമ നം. 2 പ്രകാരം മുൻവർഷങ്ങളിലെ ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ

ഏജൻസിക്ക് നൽകിയിട്ടുള്ള പ്രവൃത്തികളുടെ നിലവിലെ അവസ്ഥ അറിയിക്കുന്നതിനായും മുൻകൂർ നൽകിയ തുകകൾ സമയബന്ധിതമായി ക്രമീകരിക്കാത്തതിനുമുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം. 03/10.12.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.

മുൻകൂർ നൽകിയ തുകകൾ സമയബന്ധിതമായി ക്രമീകരിക്കുന്നുണ്ടെന്ന് ഉറപ്പവരുത്തേണ്ടതാണ്. ഏജൻസികൾ മുഖാന്തിരം ഉള്ള ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

വിവിധ നിർവ്വഹണ ഏജൻസികൾക്ക് മുൻവർഷങ്ങളിൽ നൽകിയിട്ടുള്ള ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് മുൻകൂർ നൽകിയ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ അറിയിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-21 ഭരണ സമിതി യോഗ മിനുട്സ് തയ്യാറാക്കൽ - ചട്ട പ്രകാരമുള്ള സമയ പരിധി പാലിച്ചിട്ടില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണസമിതിയോഗങ്ങൾ ഓൺലൈൻ ആക്കുന്നതിനായി ഐ.കെ.എം. വികസിപ്പിച്ച സകർമ്മ ആപ്ലിക്കേഷൻ സ.ഉ(സാധാ.) 3630/2015/തസ്വഭവ തീയതി 3.12.2015 ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ വിന്യസിച്ചിരുന്നു. എന്നാൽ സകർമ്മ ആപ്ലിക്കേഷൻ മുഖേനയുള്ള ഭരണസമിതിയോഗങ്ങളുടെ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ മിനിട്സ് പൂർത്തീകരിക്കുന്നതിൽ 1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26 പ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല എന്ന് കാണുന്നു. ചട്ടം 26(8) പ്രകാരം യോഗം കഴിഞ്ഞ് മൂന്നുദിവസത്തിനകം സെക്രട്ടറി മിനിട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്ട്. എന്നാൽ മിനിട്സ് തയ്യാറാക്കുന്നതിൽ മാസങ്ങളോളം കാലതാമസം ഉണ്ടാകുന്നുണ്ട്. മിനിട്സ് തയ്യാറാക്കി അയച്ച ദിവസം തന്നെ പ്രസിഡന്റ് അംഗീകരിച്ചിട്ടുണ്ട്. മിനിട്സ് തയ്യാറാക്കുന്നതിലെ കാലതാമസത്തിന് ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

യോഗ വിവരം	യോഗം ചേർന്ന തീയതി	സെക്രട്ടറി മിനിറ്റ്സ് തയ്യാറാക്കി അംഗീകാരത്തിനായി അയച്ച തീയതി
ഭരണ സമിതി സാധാരണ യോഗം	24.04.2023	04.08.2023
ഭരണ സമിതി സാധാരണ യോഗം	09.05.2023	21.06.2023
ഭരണ സമിതി സാധാരണ യോഗം	30.06.2023	30.07.2023
ഭരണ സമിതി സാധാരണ യോഗം	22.08.2023	27.12.2023
ഭരണ സമിതി സാധാരണ യോഗം	18.09.2023	25.01.2024
ഭരണ	03.10.2023	13.03.2024

സമിതി സാധാരണ യോഗം		
ഭരണ സമിതി സാധാരണ യോഗം	29.11.2023	08.04.2024
ഭരണ സമിതി സാധാരണ യോഗം	20.12.2023	08.04.2024
ഭരണ സമിതി അടിയന്തിര/ പ്രത്യേക യോഗം	10.01.2024	16.04.2024
ഭരണ സമിതി സാധാരണ യോഗം	22.01.2024	15.05.2024
ഭരണ സമിതി സാധാരണ യോഗം	09.02.2024	22.05.2024
ഭരണ സമിതി	27.03.2024	22.05.2024

സാധാരണ യോഗം		

സകർമയിൽ പല ഭരണ സമിതി യോഗ മിനിറ്റ്സുകളും തൻവർഷം കഴിഞ്ഞാണ് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുള്ളത്. ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ ഭരണ സമിതി യോഗ മിനിറ്റ്സുകൾ തയ്യാറാക്കി അംഗീകാരം വാങ്ങാത്തതിനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം. 04/10.12.2024) ഭാവിയിൽ ഭരണ സമിതി യോഗ മിനിറ്റ്സുകൾ സമയബന്ധിതമായി സകർമ്മയിൽ ചേർക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ചട്ട പ്രകാരമുള്ള സമയപരിധിക്കുള്ളിൽ ഭരണ സമിതി യോഗ മിനിറ്റ്സുകൾ തയ്യാറാക്കി അംഗീകാരം വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-22 തെരുവ് വിളക്ക് - മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിലെ പട്ടിക III ലെ ക്രമ നമ്പർ 15 പ്രകാരം തെരുവു വിളക്കുകൾ സ്ഥാപിക്കേണ്ടതും പരിപാലിക്കേണ്ടതും ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. ഗ്രാമപഞ്ചായത്ത് 2023-24 സാമ്പത്തിക വർഷത്തിൽ തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ 559299 രൂപ കെ.എസ്.ഇ.ബിയിലേക്ക് അടവാക്കിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് പരിധിയിലെ തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. തച്ചമ്പാറ ഇലക്ട്രിക്കൽ സെക്ഷനിലെ അൺമീറ്റേർഡ് കൺസ്യൂമർ നം. 1165225019679 പ്രകാരമാണ് പഞ്ചായത്ത് പരിധിയിലെ തെരുവ് വിളക്കുകൾക്ക് വൈദ്യുതി ചാർജ്ജ് കണക്കാക്കുന്നത്. 12 മണിക്കൂർ ബേണിംഗ് ഹവറിന് ആനുപാതികമായ തുകയാണ് വൈദ്യുതി ചാർജ്ജായി നിശ്ചയിച്ചിട്ടുള്ളത്. ഇതിൽ പഞ്ചായത്തിൽ ഇല്ലാത്ത സോഡിയം വേപ്പർ ലാമ്പുകൾ, സി.എഫ്.എൽ ലാബുകൾ, ഫ്ളൂറസന്റ് ട്യൂബുകൾ എന്നിവയും ഉൾപ്പെടുന്നു.

മാർച്ച് മാസം തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജായി 35708 രൂപ (ബിൽ നം. 6522240301759/01.03.2024) കെ.എസ്.ഇ.ബി. ഡിമാന്റ് ചെയ്തിട്ടുണ്ട്. ഇതിൽ 36 രൂപയുടെ സർചാർജ് കുറച്ചുള്ള 35672 രൂപ (വൗച്ചർ നം. 22300951/04.03.2024) തച്ചമ്പാറ ഇലക്ട്രിക്കൽ

സെക്ഷനിലേക്ക് അടവാക്കിയിട്ടുണ്ട്.

കൺസ്യൂമർ നം. 1165225019679 പ്രകാരമുള്ള തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്താതതിനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നം. 06/10.12.2024) തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുള്ള മറുപടി നൽകിയിട്ടുണ്ട്.

പഞ്ചായത്തിൽ നിലവിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം സംയുക്ത പരിശോധന നടത്തി കാലിക്കമാക്കേണ്ടതും കൺസ്യൂമർ നം. 1167858006860 പ്രകാരമുള്ള തെരുവ് വിളക്കുകൾക്ക് 02.03.2013 ലെ സർക്കുലർ നം.65529/ഡി.സി.3/2012 ത.സ്വ.ഭ.വ. പ്രകാരം മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-23 സ്ട്രീറ്റ് വാട്ടർ ടാപ്പ് - ഇല്ലാത്ത ടാപ്പിന് വെള്ളക്കരം ഡിമന്റ് ചെയ്യുന്നു

കേരള വാട്ടർ അതോരിറ്റി ഷൊർണ്ണൂർ പി.എച്ച് ഡിവിഷനിൽ നിന്നും പഞ്ചായത്തിലെ 6 പൊതു ടാപ്പുകളുടെ വെള്ളക്കരം ഡിമാന്റ് ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ബിൽ നം./ തീയതി	31.01.2024 വരെയുള്ള കുടിശ്ശിക	ഫൈൻ	തൻമാസ ഡിമാന്റ്	ആകെ ഡിമാന്റ് തുക
81939/05.02.2024	17660 രൂപ	349 രൂപ	7280 രൂപ	25289 രൂപ.

മേൽ ബിൽ പ്രകാരമുള്ള തൻമാസത്തെ ഡിമാന്റായ 7280 രൂപ (വൗച്ചർ നം. 22300875/14.03.2024) വാട്ടർ അതോരിറ്റിയിലേക്ക് അടവാക്കിയിട്ടുണ്ട്.

പൊതു ടാപ്പുകളെ വെള്ളക്കരം അടവാക്കുന്നതിലെ അപാകങ്ങൾ താഴെ ചേർക്കുന്നു.

1) കാരാകുറുശ്ശി ഗ്രാമപഞ്ചായത്തിലെ 15 പൊതു ടാപ്പുകളിൽ പ്രവർത്തനക്ഷമമല്ലാത്ത 10 പൊതു ടാപ്പുകൾ നിർത്തലാക്കുന്നതിന് എസ്റ്റിമേറ്റ് തുകയായ 31000 രുപ വാട്ടർ അതോറിറ്റിക്ക് അടവാക്കിയിട്ടുണ്ട്. ആയത് പ്രകാരം പ്രവർത്തനക്ഷമമായ 5 പൊതു ടാപ്പുകൾ

(1. പുല്ലിശ്ശേരി സെന്റർ, 2. കാരാകുറുശ്ശി സെന്റർ, 3. അരപ്പാറ കൃഷിഭവന് സമീപം, 4. ചുള്ളിമുണ്ട മരമില്ലിന് സമീപത്തുള്ള ചുള്ളിമുണ്ട കേളനി 5. വാഴേമ്പുറം സ്ക്കുൾപടി) നിലനിർത്തി വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പ്രവർത്തനക്ഷമമല്ലാത്ത 10 പൊതുടാപ്പുകൾ ഡിസ്കണക്ട് ചെയ്യുന്നതിന് പഞ്ചായത്ത് യോഗം ഐക്യകണ്ഠേന തീരുമാനിക്കുകയും (തീരുമാന നം. 3(1)/16.06.2023) സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആയത് പ്രകാരം തുക വാട്ടർ അതോറിറ്റിയിലേക്ക് അടവാക്കിയിട്ടുണ്ട് (വൗച്ചർ നം. 22300132/26.06.2023, തുക – 31000 രൂപ). എന്നാൽ പ്രവർത്തനക്ഷമമല്ലാത്ത 10 പൊതുടാപ്പുകൾ ഡിസ്കണക്ട് ചെയ്തത്തിന്റെ രേഖകളോ വിനിയോഗ സാക്ഷ്യപത്രങ്ങളോ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2) മേൽ ഭരണ സമിതി തീരുമാന പ്രകാരം പഞ്ചായത്തിൽ പ്രവർത്തനക്ഷമമായ 5 പൊതു ടാപ്പുകളാണുള്ളത്. എന്നാൽ വാട്ടർ അതോറിറ്റി പഞ്ചായത്തിലെ 6 പൊതു ടാപ്പുകളുടെ വെള്ളക്കരം ഡിമാന്റ് ചെയ്യുന്നുണ്ട്. ഇതുമൂലം ഒരു പൊതു ടാപ്പിന്റെ വെള്ളക്കരം പഞ്ചായത്ത് കൂടുതലായാണ് അടവാക്കുന്നത്. ആയതിനുള്ള കാരണം വ്യക്തമല്ല.

3) പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിലുള്ള കുടിശ്ശിക അടവാക്കുന്നില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻകുയറിക്ക് (നം. 05/10.12.2024) വാട്ടർ അതോറിറ്റി ടാപ്പുകൾ നീക്കം ചെയ്യുന്ന സമയത്ത് തോണിപ്പാടം മുല്ല മോതിക്കൽ റോഡിലെ ഒരു ടാപ്പ് പ്രദേശവാസികളുടെ ശക്തമായ എതിർപ്പിനെ തുടർന്ന് ഒഴിവാക്കാതെ നിലനിർത്തേണ്ടി വന്നതായും അപാകങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ മേൽ നടപടികൾ സ്വീകരിക്കുന്നതാണെന്നുള്ള മറുപടി നൽകിയിട്ടുണ്ട്.

പഞ്ചായത്തിൽ നിലവിലുള്ള പൊതു ടാപ്പുകളുടെ എണ്ണം സംയുക്ത പരിശോധന നടത്തി കാലിക്കമാക്കേണ്ടതും ആയതിനനുസരിച്ചുള്ള വെള്ളക്കരം മാത്രം ഒടുക്ക് വരുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

പ്രവർത്തനക്ഷമമല്ലാത്ത 10 പൊതുടാപ്പുകൾ ഡിസ്കണക്ട് ചെയ്യുന്നതിനുള്ള പഞ്ചായത്ത് ഭരണ സമിതി തീരുമാനം (നം. 3(1)/16.06.2023) നടപിലാക്കേണ്ടതാണ്.

പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിലുള്ള കുടിശ്ശിക കൃത്യമാണെന്ന് ഉറപ്പ്

വരുത്തേണ്ടതും സമയബന്ധിതമായി കുടിശ്ശിക ഒടുക്ക് വരുത്തുകയും ചെയ്യേണ്ടതാണ്. പഞ്ചായത്തിൽ ജല ജീവൻ മിഷൻ പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് പൊതു ടാപ്പുകൾ നിർത്തലാക്കുവാനുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-24 ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല – തുടർ നടപടി സ്വീകരിക്കേണ്ടതാണ്

സ.ഉ. (എം.എസ്) 362/2013 ത.സ്വ.ഭ.വ തീയതി 16.11.2013 ലെ ഉത്തരവ് പ്രകാരം ഗുണഭോക്താക്കൾ ഭവന നിർമ്മാണം സമയ ബന്ധിതമായി പൂർത്തിയാക്കുമെന്നും, 12 വർഷത്തേക്ക് കൈമാറ്റം ചെയ്യില്ലെന്ന് കരാറിൽ ഏർപ്പെടണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗുണഭോക്താക്കൾ നിർവ്വഹണ ഉദ്യോഗസ്ഥനുമായി ചമച്ച കരാറിലെ ഖണ്ഡിക 4 പ്രകാരം കരാർ ചമച്ച് 6 മാസത്തിനകം ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതാണെന്നും, ഖണ്ഡിക 7 ൽ പ്രവൃത്തി നിർവ്വഹിക്കാത്ത പക്ഷം 12% പലിശ സഹിതം കൈപ്പറ്റിയ തുക തിരിച്ചടവാക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ള വിവിധ ലൈഫ് ഭവന പദ്ധതികളുടെ സ്റ്റാറ്റസ് റിപ്പോർട്ട് താഴെ ചേർക്കുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ – വി.ഇ.ഒ

	ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ എണ്ണം	നിലവിൽ എഗ്രിമെന്റ് വെച്ചവരുടെ എണ്ണം	വീട് പണി പൂർത്തീകരിക്കാനുള്ള വരുടെ എണ്ണം	വീട് പണി പൂർത്തീകരിച്ചവരുടെ എണ്ണം
ലൈഫ് ഫൈസ് II – ജനറൽ	114	114	0	114
ലൈഫ്	17	17	0	17

ഫൈസ് II – എസ്.സി				
ലൈഫ് ഫൈസ് III – ജനറൽ	27	27	0	27
ലൈഫ് ഫൈസ് III – എസ്.സി	19	19	2	17
ലൈഫ് - എസ്.സി അഡിഷണൽ ലിസ്റ്റ്	47	30	14	16
ലൈഫ് 2020 – ഭൂമിയുള്ള ഭവന രഹിതർ (ജനറൽ)	651	45	29	16
ലൈഫ് 2020 – ഭൂമിയുള്ള ഭവന രഹിതർ (എസ്.സി)	177	41	31	10

വർഷങ്ങളായി ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

ക്രമ	ഗുണഭോക്താവിന്റെ	കൈപ്പറ്റിയ	കൈപ്പറ്റാൻ	ആദ്യ ഗഡു

നം	പേര്	ആകെ തുക	ബാക്കി നിൽക്കുന്ന തുക	കൈപ്പറ്റിയ തീയതി
1	രമ്യ ഇ കെ W/O രാജൻ, വെട്ടിക്കല്ലുടി (ജനറൽ) (ലൈഫ് ഐഡി - 641229)	360000	40000	07.07.2021
	ഉഷ, വെട്ടികല്ലുടി, കുണ്ടുകണ്ടം (എസ് സി) (വാർഡ് - 3)	360000	40000	07.07.2022
3	പ്രസീജ W/O രവികുമാർ, മുണ്ടംപോക്കിൽ (എസ് സി) (വാർഡ് - 3)	340000	60000	11.10.2021
4	ശ്രീജു, മഠത്തിൽപറമ്പിൽ, പുല്ലിശ്ശേരി (എസ് സി) (വാർഡ് - 16)	200000	200000	13.06.2022
5	അജിത എം W/O വിനീത്, മാങ്ങോട് (എസ് സി) (വാർഡ് - 3)	340000	60000	13.06.2022
6	രാജി W/0 രമേഷ്, സ്രാമ്പിക്കൽ (എസ് സി) (ലൈഫ് ഐ.ഡി	160000	240000	29.03.2023

	നം. 975060)			
7	തങ്കം W/O രാജൻ, കോലാനി (എസ് സി) (ലൈഫ് ഐ.ഡി നം. 969085)	140000	260000	22.07.2023
8	കുഞ്ഞിമുണ്ടി, മാതംപെട്ടി (എസ് സി) (ലൈഫ് ഐ.ഡി നം. 1008715)	140000	260000	22.12.2023

വിവിധ ലൈഫ് ഭവന പദ്ധതികളിലെ ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതിനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം. 30/17.12.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.

ലൈഫ് ഭവന പദ്ധതിയുടെ മോണിറ്ററിംഗ് കർശനമാക്കേണ്ടതും വർക്കിംഗ് ഗ്രൂപ്പ് തലത്തിൽ പദ്ധതിയുടെ പുരോഗതി വിലയിരുത്തേണ്ടതുമാണ്. ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പ്രവർത്തികൾ പൂർത്തിയാക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതും അല്ലാത്ത പക്ഷം കൈപ്പറ്റിയിട്ടുള്ള ആനുകൂല്യം റവന്യൂ റിക്കവറിയിലൂടെ ഈടാക്കുവാനുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

<u>1-25 ഐ.കെ.എമ്മിന് അടക്കേണ്ട വിഹിതം - വിനിയോഗ വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല</u>

പ്രൊജക്ട് നം., പേര്	6/24, ഐ.കെ.എം പഞ്ചായത്ത് വിഹിതം
അടങ്കൽ	130410 രൂപ

	(വികസന ഫണ്ട് - പൊതുവിഭാഗം)
ചെലവ്	ബിൽ നം. 77/07.09.2023 – 130410 രൂപ
നിർവഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി

മേൽ പദ്ധതി പ്രകാരം പ്രവർത്തന ഫണ്ടിനത്തിലുള്ള 130410 രൂപ ഐ.കെ.എമ്മിന്റെ അക്കൗണ്ടിലേക്ക് (നം. 57047023512, എസ്.ബി.ഐ) മാറി നൽകിയിട്ടുണ്ട്. എന്നാൽ ഐ.കെ.എമ്മിൽ നിന്നും തുക വിനിയോഗിച്ചതിന്റെ വിശദാംശങ്ങളടങ്ങിയ വിനിയോഗ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം. 12/13.12.2024) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി അറിയിക്കുന്നതാണെന്നുള്ള മറുപടി നൽകിയിട്ടുണ്ട്.

പ്രവർത്തന ഫണ്ടിനത്തിലുള്ള 130410 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഐ.കെ.എമ്മിൽ നിന്നും ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

1-26 സ്ട്രീറ്റ് മെയ്ൻ സ്ഥാപിക്കൽ - ഡെപ്പോസിറ്റ് വർക്ക് - പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല

പ്രോജക്ട് നം., പേര്	291/24 - 2, 4, 6, 7, 9 വാർഡുകളിൽ സ്ട്രീറ്റ് മെയ്ൻ സ്ഥാപിക്കൽ	292/24 - 2, 4, 6, 7, 9, 10, 11 വാർഡുകളിലെ എസ്.സി കോളനികളിൽ

		സ്ട്രീറ്റ് മെയ്ൻ സ്ഥാപിക്കൽ
അടങ്കൽ	717455 രൂപ (വികസന ഫണ്ട് - പൊതു വിഭാഗം)	775000 രൂപ (വികസന ഫണ്ട് - പൊതു വിഭാഗം)
ചെലവ്	ബിൽ നം. 204/04.01.2024 - 715000 രൂപ	ബിൽ നം. 214/10.01.2024 - 775000 രൂപ
നിർവഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി	

പഞ്ചായത്തിലെ വിവിധ വാർഡുകളിലും എസ്.സി കോളനികളിലും സ്ട്രീറ്റ് മെയ്ൻ സ്ഥാപിക്കുകയാണ് മേൽ പദ്ധതികളുടെ ലക്ഷ്യം. ആയത് ഡെപ്പോസിറ്റ് വർക്കായി ചെയ്യുന്നതിനായി ആകെ 1490000 രൂപ തച്ചമ്പാറ കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് (നം. 57054638539, എസ്.ബി.ഐ) മാറി നൽകിയിട്ടുണ്ട്.

എന്നാൽ സ.ഉ(കൈ)നം.84/2022/ത.സ്വ.ഭ.വ തീയതി 19.04.2022 പ്രകാരമുള്ള 14-ാം പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 12.2.(5) ഡി.Ii പ്രകാരം കെ.എസ്.ഇ.ബിയുമായി കരാറിൽ ഏർപ്പെട്ടതായോ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചതായോ കാണുന്നില്ല. ആയതിനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം. 09/13.12.2024) 18.09.2024 ന് കെ.എസ്.ഇ.ബിയുമായി കരാർ ചമച്ചിട്ടുണ്ടെന്നും പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടെന്ന് മേണിറ്ററിംഗ് കമ്മിറ്റികൾ വിലയിരുത്തേണ്ടതും ഡെപ്പോസിറ്റ് പ്രവർത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-27 മുൻവർഷങ്ങളിലെ ഗുണഭോക്തൃ വിഹിതം ചെലവഴിച്ചിട്ടില്ല

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള 2023-24 ലെ ഗുണഭോക്തൃ വിഹിതത്തിന്റെ വരവ് ചെലവുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

മുന്നിരിപ്പ്	തൻവർഷത്തെ വരവ്	തൻവർഷത്തെ ചെലവ്	നീക്കിയിരിപ്പ്
652912 രൂപ	1018910 രൂപ	1012085 രൂപ	659737 രൂപ

ILGMS ലെഡ്ജർ പരിശോധിച്ചതിൽ തൻവർഷത്തെ ഗുണഭോക്തൃ വിഹിതത്തിൽ നിന്നും 1012085 രൂപ വിവിധ പദ്ധതികളിൽ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മുൻവർഷങ്ങളിലെ ഗുണഭോക്തൃ വിഹിതം ചെലവഴിച്ചതായി കാണുന്നില്ല. വിവിധ പദ്ധതികൾ പ്രകാരം പിരിക്കുന്ന ഗുണഭോക്തൃ വിഹിതം അതാത് സാമ്പത്തിക വർഷം ചെലവഴിക്കാത്തതിനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നം. 11/13.12.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഗുണഭോക്തൃ വിഹിതം ഈടാക്കി നടത്തുന്ന പദ്ധതികൾ അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പൂർത്തീകരിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

പദ്ധതികൾ നടപ്പിലാക്കാതെ വർഷങ്ങളായി നീക്കിയിരിപ്പുള്ള ഗുണഭോക്തൃ വിഹിതം ഗുണഭോക്താക്കൾക്ക് തിരികെ നൽകേണ്ടതാണ്.

തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-28 'കേരളോത്സവം' പദ്ധതി പ്രകാരമുള്ള ചെലവുകൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ കേരളോത്സവത്തിന്റെ നടത്തിപ്പിനായി താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം ശ്രീമതി. ബിന്ദു കെ ടി, ക്ലർക്കിന് മുൻകൂർ നൽകിയിട്ടുണ്ട്.

ക്രമ	വൗച്ചർ നം./	തുക

നം.	തീയതി	
1	22300485/03.10.2023	75000
2	22300540/13.11.2023	50000
3	22300591/18.11.2023	15000
ആകെ		140000 രൂപ

'കേരളോത്സവം (പ്രൊജക്ട് നം. 4/24)' പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിക്കായി തനത് ഫണ്ടിൽ നിന്നും 150000 രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ കേരളോത്സവത്തിന്റെ നടത്തിപ്പിനായുള്ള ചെലവുകൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നം. 26/16.12.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.

അംഗീകാരം ലഭിച്ചിട്ടുള്ള പദ്ധതികളുടെ ചെലവ് വിവരങ്ങൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-29 മഴക്കാല പൂർവ്വ ശുചീകരണം - ശുചിത്വ മിഷൻ വിഹിതമായി തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക തിരികെ ഈടാക്കിയിട്ടില്ല

പഞ്ചായത്തിലെ 16 വാർഡുകളിലേക്കും മഴക്കാല പൂർവ്വ ശുചീകരണത്തിനായി എഫ്.എച്ച്.സി മെഡിക്കൽ ഓഫീസർക്ക് അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	വൗച്ചർ നം./ തീയതി	തുക (രൂപയിൽ)
1	22300179/09.06.2023	160000

ഗ്രാമപഞ്ചായത്തിന്റെ ഘടക സ്ഥാപനമായ കുടുംബ ആരോഗ്യകേന്ദ്രത്തിലെ വാർഡുകളിലേക്ക് മഴക്കാല പൂർവ്വ പ്രതിരോധ പ്രവർത്തനങ്ങൾക്കായി ശുചിത്വമിഷൻ ഫണ്ട് (16 വാർഡുകളിലേക്ക് പതിനായിരം രൂപ വീതം) നിലവിൽ ലഭിക്കാത്ത സാഹചര്യത്തിൽ തനത് ഫണ്ടിൽ നിന്നും തുക എടുത്ത് വിനിയോഗിക്കുന്നതിനായി

തീരുമാനിക്കുകയും ശുചിത്വ മിഷൻ ഫണ്ട് ലഭിക്കുന്ന മുറക്ക് തനത് ഫണ്ടിലേക്ക് റീക്കൂപ്പ് ചെയ്യുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയും ഭരണ സമിതി ഐകകണ്ഠേന തീരുമാനിച്ചിട്ടുണ്ട് (തീരുമാന നം. 3(1)/07.06.2023).

ഭരണ സമിതി തീരുമാന പ്രകാരം മഴക്കാല പൂർവ്വ പ്രതിരോധ പ്രവർത്തനങ്ങൾക്കായി തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക ശുചിത്വ മിഷനിൽ നിന്ന് തിരികെ ഈടാക്കി തനത് ഫണ്ടിൽ ഒടുക്ക് വരുത്തിയതായി കാണുന്നില്ല. ആയതിനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നം. 27/16.12.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.

മഴക്കാല പൂർവ്വ പ്രതിരോധ പ്രവർത്തനങ്ങൾക്കായി തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക ശുചിത്വ മിഷനിൽ നിന്ന് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

1-30 സെലക്ഷൻ നോട്ടീസ് സമയപരിധിക്കുള്ളിൽ നൽകുന്നില്ല

സ.ഉ (പി) നം. 13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാനുവലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫോം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. എന്നാൽ താഴെ സൂചിപ്പിക്കുന്ന പ്രവൃത്തികളിൽ മേൽസൂചിപ്പിച്ച സമയക്രമം പാലിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രവൃത്തി, ബിൽ നം./ തീയതി	ടെണ്ടർ അംഗീകരിച്ച തീയതി	സെലക്ഷൻ നോട്ടീസ് അയച്ച തീയ്യതി	എഗ്രിമെന്റ് തീയതി, കരാറുകാരൻ
1.	SO 113/24- പി. എച്ച്.സി. നവീകരണം ബിൽ നം.- 58/27-3-2023-	17-2-2023	5-3-2023	73/AE/LSGD/ Kksy/10-3-2022 രതീഷ് കുമാർ

	423607/- ബിൽ നം.- 12/11-8-2023-39765 Total 463372			
2	SO 141/24- എം.സി.എഫ്. നവീകരണം ബിൽ നം.- 31/15-12-2023- 162151/-	14-3-2023	28-3-2023	90/AE/LSGD/ Kksy/29-3-2023 അജിത്ത് പ്രസാദ്.ടി.
3	SO 138/24- EMS സ്മാരക വായനശാല നവീകരണം ബിൽ നം.- 49/26-32024- 199498/-	14-3-2023	23-3-2023	85/AE/LSGD/ Kksy/27-3-2023, സുരോജ്.ടി.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 22/16-12-2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മരാമത്ത് ചട്ടങ്ങൾ പ്രകാരം നിഷ്കർഷിക്കുന്ന കാര്യങ്ങൾ പാലിച്ച് പ്രവൃത്തിയുടെ ഓരോ ഘട്ടങ്ങളിലും കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-31 പ്രവൃത്തികളിൽ നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെച്ചിട്ടില്ല

സ.ഉ (പി) നം. 13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാനവലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫോം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതാണ്. 14

ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽകൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇത്തരം നടപടികൾ സ്വീകരിക്കാത്ത പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രവൃത്തി, എ.പി.എ.സി ബിൽ നം./ തീയതി	ടെണ്ടർ അംഗീകരിച്ച തീയതി	സെലക്ഷൻ നോട്ടീസ് അയച്ച തീയ്യതി	എഗ്രിമെന്റ് തീയതി, കരാറുകാരൻ	ഈടാക്കേണ്ടിയിരുന്ന പിഴ(1%) ₹	ഈടാക്കിയത് ₹	ബാക്കി ഈടാക്കേണ്ടത് ₹
1.	SO 113/24-പി. എച്ച്.സി. നവീകരണം 465974 ബിൽ നം.-58/27-3-2023-423607/- ബിൽ നം.-12/11-8-2023-39765 Total 464840	17-2-2023	5-3-2023	73/AE/LSGD/Kksy/10-3-2023 രതീഷ് കുമാർ	4660	0	4660
	SO 172/24-ആനക്കാപ്പറമ്പ് തിയ്യത്താളൻ റോഡ് കോൺക്രീറ്റ്	5-12-2023	18-12-2023	19/AE/LSGD/Kksy/30-12-2023 പി.കെ. സണ്ണി.	1693	-	1693

	169384 ബിൽ നം.- 41/26-3-2024- 199872/-						
	SO 171/24- വാഴേമ്പുറം കോൽക്കാട്ടിൽ റോഡ് കോൺക്രീറ്റ് 168113 വൗച്ചർ നം.- 22300942/ 27-3-2024- 198373/-	5-12-2023	20-12-2023	18/AE/LSGD/ Kksy/ 28-12-2023 അബ്ദുൾ ഗഫൂർ	1681		1681

അസി. എഞ്ചിനീയിർ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രവൃത്തികളിൽ നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെച്ചിട്ടില്ലാത്ത കാര്യത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

മേൽപ്രകാരം പിഴ ഇനത്തിൽ 8034രൂ. ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണത്തിന് (നം. 21/16-12-24) മറുപടി ലഭ്യമാക്കിയിട്ടില്ല.

<u>1-32 പ്രോജക്ട് പൂർത്തീകരിച്ചു എങ്കിലും നിഷ്ഫലമായി തുടരുന്നു</u>

പ്രോജക്ടിന്റെ നം. / പേര് : SO 123/24- വിവിധ കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപ്പണികൾ

ചെലവ്: , ബിൽ നം. , തീയ്യതി	147394 രൂ. ബിൽ നം. 9/13-7-2023-

	Rs.143994/- ബിൽ നം. 10/13-7-2023- Rs. 3400
കരാർ നം., അളവു പുസ്തകം:	84/AE/LSGD/TPA/ PKD/ 27-3-2023 MB No. E.M Book
പി.എ.സി.	124910
കരാറുകാരൻ:	സുരോജ്. ടി.

നിർവ്വഹണം – അസി. എഞ്ചിനീയർ

18-12-2024ന് നടത്തിയ പ്രാദേശിക പരിശോധനയിൽ പ്രോജക്ട് പ്രവർത്തന രഹിതമാണെന്നു കണ്ടു. പദ്ധതിയുടെ കിണറും പമ്പ്ഹൗസും സ്വകാര്യവ്യക്തിയുടെ സ്ഥലത്ത് സ്ഥിതി ചെയ്യുന്നതായി കാണപ്പെട്ടു. ആയത് പഞ്ചായത്തിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പ്രോജക്ടിന്റെ പമ്പ്ഹൗസ് പരിശോധിച്ചപ്പോൾ ആയതിലെ മോട്ടോർ പ്രവർത്തനക്ഷമമായി കാണുന്നില്ല. കറണ്ട് കണക്ഷൻ വിച്ഛേദിക്കപ്പെട്ടതായി കാണുന്നു.

പ്രോജക്ടിൽ 50mm PVC Pipes, 63mm PVC Pipes എന്നിവ കിണറിൽ നിന്ന് ടാങ്കിലേക്കും ടാങ്കിൽ നിന്നും സപ്ലൈ ലൈനിലേക്കും പ്രവൃത്തി ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രോജ്കട് നിലവിൽ ഉണ്ടായിരുന്ന പ്രോജ്കടിന് ഇത്തരത്തിൽ പ്രവൃത്തി ചെയ്യേണ്ട ആവശ്യകത എന്താണ് എന്നത് സംബന്ധിച്ചു വ്യക്തത ഇല്ല.

പ്രോജക്ട് പൂർത്തീകരിച്ചു എങ്കിലും നിഷ്ഫലമായി തുടരുന്ന സാഹചര്യത്തിൽ ആകെ 147394 രൂ. ചെലവ് ചെയ്തത് തടസ്സത്തിൽ വെയ്ക്കുന്നു.

ഓഡിറ്റ് അന്വേഷണത്തിന് (നം.38/18-12-2024) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-33 പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും പിഴ ഈടാക്കിയിട്ടില്ല

താഴെ പറയുന്ന പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും G.O.(P) No. 13/2012/PWD, Dt 1-2-2012 മുഖേന പ്രസിദ്ധീകരിച്ച 2012 ലെ PWD Manual ലെയും കരാറുകാരനും അസിസ്റ്റന്റ് എഞ്ചിനീയറും തമ്മിലുണ്ടാക്കിയ കരാറിലെയും വ്യവസ്ഥപ്രകാരം പിഴ ഈടാക്കിയിട്ടില്ല.

പ്രവർത്തി പൂർത്തീകരണം വൈകിയാൽ കരാറുകാരന്റെ അപേക്ഷയിൻമേൽ തീരുമാനമെടുത്ത് സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കണം എന്നും പ്രവൃത്തിപൂർത്തീകരണം വൈകിയതിന് താഴെസൂചിപ്പിച്ചിട്ടുള്ള നിരക്കിൽ പിഴ ഈടാക്കണം എന്നും മാനുവലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.

Fines For Extension Of Time

Period	Rate Of Fine
First Extension (Shall Not Exceed 25% Of The Original Time Or Six Months Whichever Is Less)	1% Of The PAC Subject To A Minimum Of Rs. 1000 And Maximum Of Rs. 50000
Beyond First Extension	2% Of The PAC Subject To A Minimum Of Rs. 2000 And Maximum Of Rs. 100000

പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടും പിഴ ഈടാക്കാത്ത പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1) പ്രോജക്ടിന്റെ നം. , പേര് : SO 138/24- അനക്സ് ടോയ് ലറ്റ് കെട്ടിടം നവീകരണം

ചെലവ്: , ബിൽ നം. , തീയ്യതി	ആകെ 84841 ബിൽ നം.-42/18-3-2024-

	84841/-
കരാർ നം., അളവു പുസ്തകം:	89/AE/LSGD/ Kksy/27-3-2023, MB No. E. M Book
പി.എ.സി.	84649
കരാറുകാരൻ:	രാമകൃഷ്ണൻ
സ്ഥലം കൈമാറിയ തീയ്യതി.	6-4-2023
കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി:	5-12-2023,
പൂർത്തീകരിച്ച തീയ്യതി:	22-2-2024
ഈടാക്കേണ്ട പിഴ (3%)	2539
ഈടാക്കിയത്	-
ഈടാക്കിയതിൽ കുറവ്:	2539

പ്രവൃത്തി പൂർത്തീകരണത്തിനായി 8മാസം അനുവദിച്ചിട്ടുള്ള (ടെക്നിക്കൽ സാങ്ഷൻ പ്രകാരം) ഈ പ്രവൃത്തിയിൽ പ്രവൃത്തി പൂർത്തീകരണത്തിനായി സമയം ദീർഘിപ്പിച്ച് ലഭിക്കുന്നതിനായി കരാറുകാരൻ അപേക്ഷ നൽകിയതായോ അസി. എഞ്ചിനീയർ ആയത് ശുപാർശ ചെയ്തായോ രേഖകൾ ഫയലിൽ ഇല്ല. എങ്കിലും ഭരണസമിതിയുടെ 30-10-2023ലെ 4(1) തീരമാനപ്രകാരം (28പ്രവൃത്തികൾക്ക് പൊതുവായ ഒരു തീരമാനം) കാലാവസ്ഥാ വ്യതിയാനം മൂലവും വെള്ളക്കെട്ട് മൂലവും പ്രവൃത്തി കൃത്യ സമയത്ത് ചെയ്യാൻ കഴിഞ്ഞില്ല എന്നും ആയതിനാൽ പിഴ ഒഴിവാക്കി പ്രവൃത്തിയുടെ പൂർത്തീകരണസമയം

ദീർഘിപ്പിക്കുന്നതിന് തീരുമാനം എടുക്കുകയും ചെയ്തിട്ടുണ്ട്. ടി പ്രവൃത്തിയിൽ പ്രവർത്തനങ്ങൾ ആരംഭിച്ചത് പോലും പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയ്യതിക്ക് ശേഷം മാത്രമാണ്. പിന്നീട് വളരെ ധൃതിയിൽ ചുരുങ്ങിയ ദിവസങ്ങൾക്കൊണ്ട് പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിരിക്കുന്നു. മേൽ സാഹചര്യത്തിൽ തീരുമാനം എടുത്തതിന് അടിസ്ഥാനമായ കാരണം നിലനിൽക്കുന്നതല്ല.

2) പ്രോജക്ടിന്റെ നം. , പേര് : SO 138/24- സ്രാമ്പിക്കൽ കോളനി വെളുങ്ങോട് എസ്.സി. ശ്മശാന നവീകരണം

ചെലവ്: , ബിൽ നം. , തീയ്യതി	ആകെ 395112 ബിൽ നം.-31/1-1-2024-395112/-
കരാർ നം., അളവു പുസ്തകം:	76/AE/LSGD/ Kksy/24-3-2023, MB No. E. M Book
പി.എ.സി.	338909
കരാറുകാരൻ:	സുരേഷ് ബാബു.
സ്ഥലം കൈമാറിയ തീയ്യതി.	3-4-2023
കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി:	2-12-2023,
പൂർത്തീകരിച്ച തീയ്യതി:	13-12-2023
ഈടാക്കേണ്ട പിഴ	3389

(1%)	
ഈടാക്കിയത്	-
ഈടാക്കിയതിൽ കുറവ്:	3389

പ്രവൃത്തി പൂർത്തീകരണത്തിനായി 8മാസം അനുവദിച്ചിട്ടുള്ള (ടെക്നിക്കൽ സാങ്ഷൻ പ്രകാരം) ഈ പ്രവൃത്തിയിൽ പ്രവൃത്തി പൂർത്തീകരണത്തിനായി സമയം ദീർഘിപ്പിച്ച് ലഭിക്കുന്നതിനായി കരാറുകാരൻ അപേക്ഷ നൽകിയതായോ അസി. എഞ്ചിനീയർ ആയത് ശുപാർശ ചെയ്തായോ രേഖകൾ ഫയലിൽ ഇല്ല. എങ്കിലും ഭരണസമിതിയുടെ 30-10-2023ലെ 4(1) തീരമാനപ്രകാരം (28പ്രവൃത്തികൾക്ക് പൊതുവായ ഒരു തീരമാനം) കാലാവസ്ഥാ വ്യതിയാനം മൂലവും വെള്ളക്കെട്ട് മൂലവും പ്രവൃത്തി കൃത്യ സമയത്ത് ചെയ്യാൻ കഴിഞ്ഞില്ല എന്നും ആയതിനാൽ പിഴ ഒഴിവാക്കി പ്രവൃത്തിയുടെ പൂർത്തീകരണസമയം ദീർഘിപ്പിക്കുന്നതിന് തീരുമാനം എടുക്കുകയും ചെയ്തിട്ടുണ്ട്. വളരെ വൈകിയാണ് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളത്. പിന്നീട് വളരെ ചുരുങ്ങിയ ദിവസങ്ങൾക്കൊണ്ട് പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിരിക്കുന്നു. അതിനാൽ മേൽസൂചിപ്പിച്ച കാരണം നിലനിൽക്കുന്നതല്ല.

3. പ്രോജക്ടിന്റെ നം. , പേര് : SO 138/24- EMS സ്മാരക വായനശാല നവീകരണം

ചെലവ്: , ബിൽ നം. , തീയ്യതി	ആകെ 199498 ബിൽ നം.-49/26-32024-199498/-
കരാർ നം., അളവു പുസ്തകം:	85/AE/LSGD/Kksy/27-3-2023, MB No. E. M Book
പി.എ.സി.	211661
കരാറുകാരൻ:	സുരോജ്.ടി.

സ്ഥലം കൈമാറിയ തീയ്യതി.	6-4-2023
കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി:	5-10-2023,
പൂർത്തീകരിച്ച തീയ്യതി:	25-3-2024
ഈടാക്കേണ്ട പിഴ (3%)	6350
ഈടാക്കിയത്	-
ഈടാക്കിയതിൽ കുറവ്:	6350

പ്രവൃത്തി പൂർത്തീകരണത്തിനായി 8മാസം അനുവദിച്ചിട്ടുള്ള (ടെക്നിക്കൽ സാങ്ഷൻ പ്രകാരം) ഈ പ്രവൃത്തിയിൽ പ്രവൃത്തി പൂർത്തീകരണത്തിനായി സമയം ദീർഘിപ്പിച്ച് ലഭിക്കുന്നതിനായി കരാറുകാരൻ അപേക്ഷ നൽകിയതായോ അസി. എഞ്ചിനീയർ ആയത് ശുപാർശ ചെയ്തായോ രേഖകൾ ഫയലിൽ ഇല്ല. എങ്കിലും ഭരണസമിതിയുടെ 30-10-2023ലെ 4(1) തീരമാനപ്രകാരം (28പ്രവൃത്തികൾക്ക് പൊതുവായ ഒരു തീരമാനം) കാലാവസ്ഥാ വ്യതിയാനം മൂലവും വെള്ളക്കെട്ട് മൂലവും പ്രവൃത്തി ക്യത്യ സമയത്ത് ചെയ്യാൻ കഴിഞ്ഞില്ല എന്നും ആയതിനാൽ പിഴ ഒഴിവാക്കി പ്രവൃത്തിയുടെ പൂർത്തീകരണസമയം ദീർഘിപ്പിക്കുന്നതിന് തീരുമാനം എടുക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയ്യതിക്ക് ശേഷം മാത്രമാണ് ടി പ്രവൃത്തിയിൽ പ്രവർത്തനങ്ങൾ ആരംഭിച്ചത് പോലും. പിന്നീട് വളരെ ചുരുങ്ങിയ ദിവസങ്ങൾക്കൊണ്ട് പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിരിക്കുന്നു. അതിനാൽ മേൽസൂചിപ്പിച്ച കാരണം നിലനിൽക്കുന്നതല്ല.

4) പ്രോജക്ടിന്റെ നം. , പേര് : SO 106/24- കോളപ്പാകം പാറക്കൽ കോളനി റോഡ് സൈഡ് സംരക്ഷണം

ചെലവ്: , ബിൽ നം. , തീയ്യതി	ആകെ 149930 ബിൽ നം.-19/6-2-2024-149930/-
കരാർ നം., അളവു പുസ്തകം:	87/AE/LSGD/ Kksy/27-3-2023, MB No. E. M Book
പി.എ.സി.	127063
കരാറുകാരൻ:	രാമകൃഷ്ണൻ. ടി
സ്ഥലം കൈമാറിയ തീയ്യതി.	6-4-2023
കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി:	5-10-2023,
പൂർത്തീകരിച്ച തീയ്യതി:	2-1-2024
ഈടാക്കേണ്ട പിഴ (3%)	3812
ഈടാക്കിയത്	-
ഈടാക്കിയതിൽ കുറവ്:	3812

പ്രവൃത്തി പൂർത്തീകരണത്തിനായി 6മാസം അനുവദിച്ചിട്ടുള്ള (ടെക്നിക്കൽ സാങ്ഷൻ പ്രകാരം) ഈ പ്രവൃത്തിയിൽ പ്രവൃത്തി പൂർത്തീകരണത്തിനായി സമയം ദീർഘിപ്പിച്ച് ലഭിക്കുന്നതിനായി കരാറുകാരൻ അപേക്ഷ നൽകിയതായോ അസി. എഞ്ചിനീയർ ആയത്

ശുപാർശ ചെയ്തായോ രേഖകൾ ഫയലിൽ ഇല്ല. എങ്കിലും ഭരണസമിതിയുടെ 30-10-2023ലെ 4(1) തീരമാനപ്രകാരം (28പ്രവൃത്തികൾക്ക് പൊതുവായ ഒരു തീരമാനം) കാലാവസ്ഥാ വ്യതിയാനം മൂലവും വെള്ളക്കെട്ട് മൂലവും പ്രവൃത്തി കൃത്യ സമയത്ത് ചെയ്യാൻ കഴിഞ്ഞില്ല എന്നും ആയതിനാൽ പിഴ ഒഴിവാക്കി പ്രവൃത്തിയുടെ പൂർത്തീകരണസമയം ദീർഘിപ്പിക്കുന്നതിന് തീരുമാനം എടുക്കുകയും ചെയ്തിട്ടുണ്ട്. വളരെ വൈകിയാണ് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളത്. പിന്നീട് വളരെ ചുരുങ്ങിയ ദിവസങ്ങൾക്കൊണ്ട് പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിരിക്കുന്നു. അതിനാൽ മേൽസൂചിപ്പിച്ച കാരണം നിലനിൽക്കുന്നതല്ല.

5). പ്രോജക്ടിന്റെ നം. , പേര് : SO 106/24- പീടിയോട് കോളനി റോഡ് സൈഡ് സംരക്ഷണം

ചെലവ്: , ബിൽ നം. , തീയ്യതി	ആകെ 138210 ബിൽ നം.-24/4-3-2024-138210/-
കരാർ നം., അളവു പുസ്തകം:	96/AE/LSGD/ Kksy/31-3-2023, MB No. E. M Book
പി.എ.സി.	122016
കരാറുകാരൻ:	മുഹമ്മദാലി.
സ്ഥലം കൈമാറിയ തീയ്യതി.	10-4-2023
കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി:	9-10-2023,
പൂർത്തീകരിച്ച തീയ്യതി:	3-2-2024

ഈടാക്കേണ്ട പിഴ (3%)	3660
ഈടാക്കിയത്	-
ഈടാക്കിയതിൽ കുറവ്:	3660

പ്രവൃത്തി പൂർത്തീകരണത്തിനായി 6മാസം അനുവദിച്ചിട്ടുള്ള (ടെക്നിക്കൽ സാങ്ഷൻ പ്രകാരം) ഈ പ്രവൃത്തിയിൽ പ്രവൃത്തി പൂർത്തീകരണത്തിനായി സമയം ദീർഘിപ്പിച്ച് ലഭിക്കുന്നതിനായി കരാറുകാരൻ അപേക്ഷ നൽകിയതായോ അസി. എഞ്ചിനീയർ ആയത് ശുപാർശ ചെയ്തായോ രേഖകൾ ഫയലിൽ ഇല്ല. എങ്കിലും ഭരണസമിതിയുടെ 30-10-2023ലെ 4(1) തീരമാനപ്രകാരം (28പ്രവൃത്തികൾക്ക് പൊതുവായ ഒരു തീരമാനം) കാലാവസ്ഥാ വ്യതിയാനം മൂലവും വെള്ളക്കെട്ട് മൂലവും പ്രവൃത്തി കൃത്യ സമയത്ത് ചെയ്യാൻ കഴിഞ്ഞില്ല എന്നും ആയതിനാൽ പിഴ ഒഴിവാക്കി പ്രവൃത്തിയുടെ പൂർത്തീകരണസമയം ദീർഘിപ്പിക്കുന്നതിന് തീരുമാനം എടുക്കുകയും ചെയ്തിട്ടുണ്ട്. വളരെ വൈകിയാണ് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളത് (26-9-2023ൽ ആണ് ആരംഭിച്ചത്). അതിനാൽ മേൽസൂചിപ്പിച്ച കാരണം നിലനിൽക്കുന്നതല്ല.

6) പ്രോജക്ടിന്റെ നം. , പേര് : SO 134/24- ആനക്കാപറമ്പ് മദ്രസ റോഡ് കൽവർട്ട് നിർമാണം

ചെലവ്: , ബിൽ നം. , തീയ്യതി	ആകെ 299779 ബിൽ നം.-25/18-3-2024-299779/-
കരാർ നം., അളവു പുസ്തകം:	55/AE/LSGD/ Kksy/16-1-2023, MB No. E. M Book
പി.എ.സി.	254189
കരാറുകാരൻ:	മുഹമ്മദ്

	റിയാസുദ്ദീൻ
സ്ഥലം കൈമാറിയ തീയ്യതി.	23-1-2023
കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി:	22-7-2023,
പൂർത്തീകരിച്ച തീയ്യതി:	11-12-2023
ഈടാക്കേണ്ട പിഴ (3%)	7626
ഈടാക്കിയത്	-
ഈടാക്കിയതിൽ കുറവ്:	7626

പ്രവൃത്തി പൂർത്തീകരണത്തിനായി 6മാസം അനുവദിച്ചിട്ടുള്ള (ടെക്നിക്കൽ സാങ്ഷൻ പ്രകാരം) ഈ പ്രവൃത്തിയിൽ പ്രവൃത്തി പൂർത്തീകരണത്തിനായി സമയം ദീർഘിപ്പിച്ച് ലഭിക്കുന്നതിനായി കരാറുകാരൻ അപേക്ഷ നൽകിയതായോ അസി. എഞ്ചിനീയർ ആയത് ശുപാർശ ചെയ്തായോ രേഖകൾ ഫയലിൽ ഇല്ല. എങ്കിലും ഭരണസമിതിയുടെ 30-10-2023ലെ 4(1) തീരമാനപ്രകാരം (28പ്രവൃത്തികൾക്ക് പൊതുവായ ഒരു തീരമാനം) കാലാവസ്ഥാ വ്യതിയാനം മൂലവും വെള്ളക്കെട്ട് മൂലവും പ്രവൃത്തി കൃത്യ സമയത്ത് ചെയ്യാൻ കഴിഞ്ഞില്ല എന്നും ആയതിനാൽ പിഴ ഒഴിവാക്കി പ്രവൃത്തിയുടെ പൂർത്തീകരണസമയം ദീർഘിപ്പിക്കുന്നതിന് തീരുമാനം എടുക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരണത്തിനുള്ള തീയ്യതിക്ക് ശേഷമാണ് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളത് പോലും. പിന്നീട് വളരെ ചുരുങ്ങിയ ദിവസങ്ങൾക്കൊണ്ട് പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിരിക്കുന്നു. അതിനാൽ മേൽസൂചിപ്പിച്ച കാരണം നിലനിൽക്കുന്നതല്ല.

മേൽസൂചിപ്പിച്ച് കാര്യങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണങ്ങളിൽ (19/13-12-24,

35/17-12-24) ആദ്യ എൻകവയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ക്രമനം 1പ്രകാരമുള്ള പ്രവൃത്തിയിൽ കരാറുകാരൻ സമയം ദീർഘിപ്പിക്കുന്നതിന് അപേക്ഷ നൽകിയിരുന്നു എന്നും കാലാവസ്ഥാ വ്യതിയാനം മൂലം പ്രവൃത്തി വൈകി എന്നും സൂചിപ്പിച്ചിട്ടുണ്ട്. മറ്റു പ്രവൃത്തികളിൽ കരാറുകാരെ വിവരം അറിയിച്ച് പിഴ അടവാക്കാം എന്നും അറിയിച്ചിട്ടുണ്ട്. രണ്ടാമത്തെ എൻകവയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുമില്ല. മറുപടികൾ തൃപ്തികരമല്ല.

പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും പിഴ ഈടാക്കിയിട്ടില്ലാത്തതിനാൽ ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നും 27376രൂ. ഈടാക്കേണ്ടതാണ്.

1-34 പൂർത്തീകരണ കാലാവധി നീണ്ടുപോയിട്ടും ലിക്വിഡേറ്റഡ് ഡാമേജസ് ഈടാക്കിയിട്ടില്ല

പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി അനുവദനീയമായ കാലയളവിനേക്കാൾ നീണ്ടുപോയിട്ടും കോമ്പൻസേഷൻ/ലിക്വിഡേറ്റഡ് ഡാമേജസ് ഈടാക്കിയിട്ടില്ല.

താഴെ പറയുന്ന പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും G.O.(P) No. 13/2012/PWD, Dt 1-2-2012 മുഖേന പ്രസിദ്ധീകരിച്ച 2012 ലെ PWD Manual ലെ വ്യവസ്ഥപ്രകാരം ഈടാക്കേണ്ട കോമ്പൻസേഷൻ/ലിക്വിഡേറ്റഡ് ഡാമേജസ് ഈടാക്കിയിട്ടില്ല.

പ്രവർത്തി പൂർത്തീകരണം വൈകിയാൽ കരാറുകാരന്റെ അപേക്ഷയിൻമേൽ തീരുമാനമെടുത്ത് സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കണം എന്നും പ്രവൃത്തിപൂർത്തീകരണം വൈകിയാൽ പരമാവധി രണ്ടു തവണയായി (ആദ്യ തവണ പ്രവൃത്തി പൂർത്തീകരണത്തിന്റെ പരമാവധി 25% വും രണ്ടാം തവണ പ്രവൃത്തി പൂർത്തീകരണത്തിന്റെ പരമാവധി 25% വും) ആകെ 50% വരെയാണ് പ്രവൃത്തി പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകാവുന്നത്. അതിൽ കൂടുതൽ ദീർഘിപ്പിക്കുന്നപക്ഷം മാനുവലിലെ 2116.1 (1) Clause പ്രകാരം താഴെസൂചിപ്പിച്ചിട്ടുള്ള നിരക്കിൽ പിഴ ഈടാക്കണം എന്നും മാനുവലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.

Compensation For Delay / Liquidated Damages

If The Contractor Fails To Maintain The Required Progress As Per Conditions Of Contract Or To Complete The Work And Clear The Site On Or Before The Contract Or Extended Date Of Completion , He Shall Without Prejudice To Any Other Right Or Remedy Available Under The Law To The Employer On Account Of Such Breach , Pay To The Employer As Liquidated Damages An Amount Calculated

@0.1 % Of The Contract Price Of The Work **For Every Week** Of Delay Subject To A Maximum Of 10% Of The Contract Price.

പ്രവർത്തി പൂർത്തീകരണം അനുവദനീയമായ കാലയളവിനെക്കാളും വളരെയധികം വൈകിയിട്ടും പിഴ ഈടാക്കാത്ത പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1 പ്രോജക്ടിന്റെ നം. , പേര് : SO 138/24- EMS സ്മാരക വായനശാല നവീകരണം

ചെലവ്: , ബിൽ നം. , തീയ്യതി	ആകെ 199498 ബിൽ നം.-49/26-3-2024-199498/-
കരാർ നം., അളവു പുസ്തകം:	85/AE/LSGD/Kksy/27-3-2023, MB No. E. M Book
കരാർ തുക	211661
കരാറുകാരൻ:	സുരോജ്.ടി.
സ്ഥലം കൈമാറിയ തീയ്യതി.	6-4-2023
കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി:	5-10-2023,
അധികമായി അനുവദനീയമായ	5-1-2024

പരമാവധി തീയ്യതി. (50%- 3months)	
പൂർത്തീകരിച്ച തീയ്യതി:	25-3-2024
ഈടാക്കേണ്ട ലിക്വിഡേറ്റഡ് ഡാമേജസ് (11 Weeks- 1.1%	2328
ഈടാക്കിയത്	-
ഈടാക്കിയതിൽ കുറവ്:	2328

പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി അനുവദനീയമായ കാലയളവിനേക്കാൾ നീണ്ടുപോയിട്ടും കോമ്പൻസേഷൻ/ലിക്വിഡേറ്റഡ് ഡാമേജസ് ഈടാക്കിയിട്ടില്ലാത്തതിനാൽ പിഴ ഇനത്തിൽ ലഭ്യമാകേണ്ട 2328 രൂപ ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണത്തിന് (23/16-12-24) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-35 ഇ-ടെൻണ്ടർ ഫീസ് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കിയിട്ടില്ല

ഇ-ടെൻണ്ടർനടത്തുമ്പോൾ ടെൻണ്ടർ ഫീ അടവാക്കുന്നതിന് അസി. എൻജിനിയർ ദേശസാൽകൃത ബാങ്കിൽ പ്രത്യേക ബാങ്ക് അക്കൗണ്ട് തുടങ്ങണമെന്ന് സ.ഉ.(സാധാ) നം.3186/17 ത.സ്വ.ഭ.വ, തീയ്യതി. 2-10-2017 സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ ഈ അക്കൗണ്ടിൽ വരവ് ഉണ്ടാകുന്ന തുകകൾ ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ , അസി.എൻജിനിയർ ഇ-ടെണ്ടർ നടത്തുമ്പോൾ ടെണ്ടർ ഫീ അടവാക്കുന്നതിന് ഉപയോഗിക്കുന്ന ബാങ്ക് അക്കൗണ്ടിൽ (നം. 37364642260- SBI, Kanjirapuzha) തൻവർഷം E Tender Fees ഇനത്തിൽ വരവ് ഉണ്ടായിട്ടില്ല . 3/2024ൽ ബാലൻസുള്ള 14415രൂ. പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കിയിട്ടില്ലാത്തതായി കണ്ടു.

മേൽസൂചിപ്പിച്ച് അക്കൗണ്ടിൽ ടെണ്ടർ ഫീസ് അല്ലാത്ത ഇനങ്ങളിലൂടെ ചില വരവുകൾ സംഭവിച്ചതായും ടി തുകകൾ പിൻവലിച്ചതായും കാണുന്നു. (ഉദാ. 27-2-2024, 19-3-2024 തുടങ്ങിയ തീയ്യതികളിൽ അടവും പിൻവലിക്കലും രേഖപ്പെടുത്തിക്കാണുന്നു). ഇ.ടെണ്ടറിന് വേണ്ടി മാത്രം നിശ്ചയിച്ചിട്ടുള്ള ഈ അക്കൗണ്ടിലൂടെ ഇത്തരം ഇടപാടുകൾ നടത്തുന്നത് ക്രമപ്രകാരമല്ല.

മേൽസൂചിപ്പിച്ച് കാര്യങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (24/16-12-24) മറുപടി ലഭ്യമാക്കിയിട്ടില്ല. ഉടൻ തന്നെ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-36 കണ്ടിജന്റ് ചെലവ് - പ്രത്യേക പദ്ധതിയായി നടപ്പാക്കിയിട്ടില്ല

പഞ്ചായത്തിന് കൈമാറികിട്ടിയ വിവിധ സ്ഥാപനങ്ങളിലെ കണ്ടിജന്റ് ചെലവുകൾക്കായി നൽകിയിട്ടുള്ള മുൻകൂർ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	വൗച്ചർ നം./ തീയതി	തുക (രൂപയിൽ)	സ്ഥാപനം
1	22300131/22.05.2023	20000	എച്ച്.എം, ജി എൽ പി എസ്, പുല്ലുവായിൽകുന്ന്
2	22300204/20.06.2023	40000	മെഡിക്കൽ ഓഫീസർ, ജി എ ഡി
3	22300231/30.06.2023	50000	ഐ.സി.ഡി.എസ് സൂപ്പർവൈസർ
4	22300467/03.10.2023	30000	അസിസ്റ്റന്റ് എഞ്ചിനീയർ, എൽ എസ് ജി ഡി
5	22300581/18.11.2023	40000	ഐ.സി.ഡി.എസ്

			സൂപ്പർവൈസർ
6	22300617/23.11.2023	200000	മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി
7	22300610/23.11.2023	10000	എച്ച്.എം, ജി എൽ പി എസ്, പുല്ലുവായിൽകുന്ന്
8	22300809/22.01.2024	10000	എച്ച്.എം, ജി എൽ പി എസ്, പുല്ലുവായിൽകുന്ന്
9	22301043/24.01.2024	25000	മെഡിക്കൽ ഓഫീസർ, ജി എ ഡി
10	22301066/19.02.2024	37800	ഐ.സി.ഡി.എസ് സൂപ്പർവൈസർ
കണ്ടിജന്റ് ചെലവിനായി ആകെ നൽകിയ മുൻകൂർ		462800 രൂപ	

സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരം തദ്ദേശഭരണസ്ഥാപനത്തിനു കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കറന്റ് ചാർജ്, വാട്ടർ ചാർജ്, വാടക, കൺസ്യൂമബിൾസ്, സ്റ്റേഷനറി, പോസ്റ്റേജ്, ടെലിഫോൺ, ഇന്റർനെറ്റ് ചാർജ് തുടങ്ങിയ കണ്ടിജൻസി ചെലവുകൾക്കായി തനത് ഫണ്ട്/ജനറൽ പർപ്പസ് ഗ്രാന്റ്/മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് എന്നിവയിൽ നിന്നും പ്രൊജക്ടുകൾ നടപ്പിലാക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നിർവഹണ ഉദ്യോഗസ്ഥർ ഓഫീസ് ചെലവുകളുടെ ആവശ്യകത പട്ടിക തയ്യാറാക്കി തദ്ദേശഭരണസ്ഥാപന സെക്രട്ടറിക്ക്

നൽകേണ്ടതും, അനുവദിച്ച തുകയുടെ ഉപയോഗ സാക്ഷ്യപത്രം തദ്ദേശഭരണസ്ഥാപന സെക്രട്ടറിക്ക് നൽകേണ്ടതും, ചെലവുകൾ സംബന്ധിച്ച വൗച്ചറുകൾ, സ്ഥാപനമേധാവികൾ തന്നെ സൂക്ഷിക്കേണ്ടതും ആയവ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശം കൃത്യമായി പാലിച്ചിട്ടില്ല.

മുൻകൂർ നൽകി തുകളുടെ പരിശോധയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

1. തൻവർഷം നൽകിയ മുൻകൂറുകളുടെ വിവരങ്ങൾ മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല ഇതുമൂലം മുൻകൂറുകൾ ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ പരിശോധിച്ച് ഉറപ്പ് വരുത്തുവാൻ സാധിക്കുന്നില്ല.

2. ആദ്യം നൽകിയ മുൻകൂർ ക്രമീകരിക്കാതെ രണ്ടാമതും മുൻകൂർ നൽകിയതിനുള്ള കാരണം വ്യക്തമല്ല.

3. തനത് ഫണ്ട് കുറവുള്ള പഞ്ചായത്തായിട്ടും സർക്കാർ നിർദ്ദേശ പ്രകാരം കൈമാറികിട്ടിയ സ്ഥാപനങ്ങളിലെ കണ്ടിജന്റ് ചെലവുകൾക്കായി മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് ഉപയോഗിച്ച് പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടില്ല.

